Downloaded from https:// www.studiestoday.com

## കേരളപാഠാവലി

# മലയാളം

### ഭാഗം 1

## സ്റ്റാൻഡേർഡ് IV

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി (SCERT), കേരളം
2016

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
First Edition : 2015, Reprint : 2016
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയപ്പെട്ട കുട്ടികളേ,

മാതൃഭാഷാപഠനത്തിന്റെ പ്രാധാന്യം നാൾക്കുനാൾ വർധിച്ചുവരികയാണല്ലോ.

കഥകളും വിവരണങ്ങളും വായിച്ചാസ്വദിച്ചും കവിതകൾ ചൊല്ലി രസിച്ചും മാതൃഭാഷയുടെ മാധുര്യം നുണയുവാൻ വേണ്ടി തയാറാക്കിയതാണ് ഈ പാഠപുസ്തകം. വായിച്ചും വരച്ചും പാടിയും എഴുതിയും മുന്നേറുമ്പോൾ പഠനം രസകരമായിത്തീരും.

അങ്ങനെ ഭാഷയിലൂടെ ചുറ്റുപാടിലേക്കു കടന്നു ചെല്ലാനും നാടിന്റെ നൻമകൾ നിലനിർത്താനും വീണ്ടെടുക്കാനും ഈ പുസ്തകം നിങ്ങൾക്കു സഹായകമായിത്തീരട്ടെ.

സ്നേഹത്തോടെ,

**ഡോ. പി. എ. ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**അനൂപ് ധന്വന്തരിമഠം**
ജനത എച്ച്.എസ്.എസ്, തേമ്പാംമൂട്,
തിരുവനന്തപുരം.

**കണ്ണൻകുട്ടി. സി.**
എസ്.എൽ.എൽ.പി.എസ്, പിലാപ്പുള്ളി,
വടവന്നൂർ, പാലക്കാട്.

**പദ്മനാഭൻ. ടി.വി**
ജി.എച്ച്.എസ്, കൊടിയമ്മ,
കാസറഗോഡ്.

**ഫിറോസ്. വി**
ആർ.എ.സി.എച്ച്.എസ്.എസ്, കടമേരി,
വടകര, കോഴിക്കോട്

**മോഹൻദാസ്. ആർ.**
വി.ആർ.സി.എം.യു.പി.എസ്, വല്ലങ്ങി,
നെന്മാറ, പാലക്കാട്

**എൻ. രാമകൃഷ്ണൻ നമ്പ്യാർ**
എ.എൽ.പി.എസ്, ബേത്തൂർപാറ,
വട്ടംതട്ട, കാസറഗോഡ്

**സി.എം. വിനയചന്ദ്രൻ,**
ജി.എം.യു.പി.എസ്, രാമന്തളി, പയ്യന്നൂർ,
കണ്ണൂർ.

**സജേഷ്. കെ.വി**
ബി.ആർ.സി, വയനാട്

**സഫീലാബീവി. എസ്.**
ബി.ആർ.സി, വർക്കല, തിരുവനന്തപുരം

**സോമരാജൻ. കെ.എം**
ഡയറ്റ്, കണ്ണൂർ

**കടാങ്കോട് പ്രഭാകരൻ**
മുൻ എഡിറ്റർ,
കേരള സാഹിത്യ അക്കാദമി

## വിദഗ്ധ പരിശോധന

**ഡോ.ജോർജ് ഓണക്കൂർ**
മുൻ ഡയറക്ടർ, സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്

**സാബു കോട്ടുക്കൽ**
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**ഡോ. ഡൊമിനിക് ജെ. കാട്ടൂർ**
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**ഡോ. വിജയൻ ചാലോട്**
ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കണ്ണൂർ

## ചിത്രകാരന്മാർ

**രമേശൻ. പി**
ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ്, കോഴിക്കോട്

**രവി പിലിക്കോട്**
ബി.എ.ആർ.എച്ച്.എസ്.എസ്, ബോവിക്കാനം, കാസറഗോഡ്

**ശശിധരൻ പി.വി**
ജി.എച്ച്.എസ്.എസ്, കക്കാട്, കാസറഗോഡ്

**ഇസ്മയിൽ സി.പി**
ഫൈൻ ആർട്സ് കോളേജ്, തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

**ഡോ. സി. ഭാമിനി**
**റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഉള്ളടക്കം


## 1. അമൃതം

- വെണ്ണക്കണ്ണൻ ........................................ 08
- സ്നേഹം താൻ ശക്തി ........................................ 12
- കുടയില്ലാത്തവർ ........................................ 18

## 2. ഹരിതം

- എന്റെ പനിനീർച്ചെടി ........................................ 24
- ഞാവൽക്കാട് ........................................ 27

## 3. മഹിതം

- പത്തായം ........................................ 38
- ഓമനയുടെ ഓണം ........................................ 43

## 4. രസിതം

- നെഹ്റുട്രോഫി വള്ളംകളി ........................................ 51
- ആരു പഠിപ്പിക്കും? ........................................ 57

## 5. മധുരം

- ഊണിന്റെ മേളം ........................................ 66
- താളും തകരയും ........................................ 69


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

 അർഥസൂചിക

 ഞാൻ എന്നെക്കുറിച്ച്

 പഠനനേട്ടങ്ങൾ

 തുടർവായനയ്ക്കുള്ള പുസ്തകങ്ങൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# 1

# അമൃതം

അവൾ കുട്ടികൾക്കിടയിൽ കയറി എത്തിനോക്കി. അവിടെ എല്ലും തോലുമായ ഒരു വൃദ്ധൻ കിടന്നു ഞെരങ്ങുകയാണ്. എന്തെങ്കിലും കഴിക്കാനായി അയാൾ ചുറ്റും നിൽക്കുന്നവരോട് കൈ നീട്ടുന്നു. കുറെ കുട്ടികൾ അയാളെ കളിയാക്കുന്നുമുണ്ട്.

അവൾക്ക് വല്ലാത്ത വിഷമം തോന്നി.

ആ വൃദ്ധൻ അവളെ കണ്ടു. അയാൾ മെലിഞ്ഞുണങ്ങിയ കൈകൾ നീട്ടി അവളോട് എന്തോ പറഞ്ഞു. ചില കുട്ടികൾ അപ്പോഴും കൂക്കിവിളിച്ചു.

അവൾ പിന്നൊന്നും ചിന്തിച്ചില്ല. ബാഗ് തുറന്ന് ചോറ്റുപാത്രം പുറത്തെടുത്തു. അതിലെ മുഴുവൻ ചോറും അവൾക്കേറെ ഇഷ്ടമുള്ള മുളക് ചമ്മന്തിയും അയാളുടെ കൈവെള്ളയിലേക്കു പകർന്നുകൊടുത്തു. അയാളുടെ കുഴിഞ്ഞ കണ്ണുകൾ നനഞ്ഞു. ആർത്തിയോടെ അയാൾ ചോറ് തിന്നുതുടങ്ങി. അവസാനത്തെ വറ്റും അയാളുടെ വയറ്റിലെത്തുന്നതുവരെ അവൾ നോക്കിനിന്നു. അവൾക്കെന്തോ പെട്ടെന്ന് കരച്ചിൽ വന്നു.

അത് സന്തോഷംകൊണ്ടായിരുന്നു.

**ഡോ. കെ. ശ്രീകുമാറിന്റെ**
**'വിശപ്പ്' എന്ന കഥയിൽനിന്ന്**




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# വെണ്ണക്കണ്ണൻ



"*സ്നാനവും ചെയ്തു നീയാഗമിപ്പോളവും
പാലിച്ചേനല്ലോയിപ്പാൽവെണ്ണ ഞാൻ
ഇങ്ങനെയുള്ളെനിക്കേതുമേ താരാതെ
എങ്ങു നീ പോകുന്നൂതെന്നമ്മേ! ചൊൽ?"
ഓമനപ്പൈതൽതാനിങ്ങനെ ചൊല്ലിത്തൻ
കോമളച്ചുണ്ടു പിളുർക്കുന്നേരം
ഉണ്ണിക്കൈതന്നിലേ വച്ചുനിന്നീടിനാൾ
**വെണ്ണതാൻ കൊണ്ടുപോന്നമ്മയപ്പോൾ,
വെണ്ണയെക്കണ്ടൊരു കണ്ണന്താനന്നേരം
വെണ്ണിലാവഞ്ചിച്ചിരിച്ചു ചൊന്നാൻ:
"ഒറ്റക്കൈതന്നിൽ നീ വെണ്ണ വച്ചീടിനാൽ
മറ്റെക്കൈ കണ്ടിട്ടു കേഴുമല്ലോ
മൂത്തവൻ കൈയിൽ നീ വെണ്ണവച്ചീടുമ്പോൾ
ആർത്തനായ് നിന്നു ഞാൻ കേഴുംപോലെ".
ഇങ്ങനെ കേട്ടവൾ വെണ്ണയ്ക്കു പിന്നെയും
അങ്ങു തിരിഞ്ഞു നടന്ന നേരം
കൈയിലെ വെണ്ണയെപ്പയ്യവേ വായിലി-
"ട്ടയ്യോ!" യെന്നിങ്ങനെ ചൊല്ലി,ചൊന്നാൻ:
"കള്ളനായുള്ളൊരു കാകൻതാൻ വന്നിട്ടെൻ
കൈയിലേ വെണ്ണയെക്കൊണ്ടുപോയി"
എന്നതു കേട്ടവളേറ്റം ചിരിച്ചു നൽ-
വെണ്ണയുംകൊണ്ടിങ്ങു വന്നു പിന്നെ
വൈകാതവണ്ണമക്കൈതവപ്പൈതൽതൻ-
കൈകളിൽ രണ്ടിലും വെണ്ണ വച്ചാൾ.
വെണ്ണയെക്കണ്ടൊരു കണ്ണന്തന്നാനനം
വെണ്ണിലാവോലുന്ന തിങ്കൾ പോലെ
പുഞ്ചിരിത്തൂമകൊണ്ടഞ്ചിതമാകയാൽ
ചെഞ്ചെമ്മേ നിന്നു വിളങ്ങീതപ്പോൾ.

**കൃഷ്ണഗാഥ** **ചെറുശ്ശേരി**

* *സ്നാനത്തെ*
***വെണ്ണയെ*



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### ചെറുശ്ശേരി

പ്രാചീന കവിത്രയത്തിൽ ഉൾപ്പെടുന്ന ചെറുശ്ശേരിയുടെ ജീവിതകാലം 1475 നും 1575 നും ഇടയിലാണെന്ന് കരുതപ്പെടുന്നു (കൊല്ലവർഷം 650 നും 750 നും മധ്യേ). ഉത്തര കേരളത്തിൽ കാനത്തൂർ ഗ്രാമത്തിലെ ചെറുശ്ശേരി ഇല്ലത്തു ജനിച്ചു എന്നാണ് വിശ്വാസം. കോലത്തുനാട്ടിലെ ഉദയവർമരാജാവിന്റെ സദസ്യനായിരുന്നു. രാജാവിന്റെ ആജ്ഞപ്രകാരം എഴുതിയതാണ് കൃഷ്ണഗാഥ. കൃഷ്ണപ്പാട്ട് എന്നും ഈ കൃതിക്ക് പേരുണ്ട്.

### പറയാം എഴുതാം

- വെണ്ണ ലഭിക്കാൻ കണ്ണൻ എന്തൊക്കെ ന്യായങ്ങളാണ് അമ്മയോട് പറയുന്നത്?
- വെണ്ണ കിട്ടിയപ്പോൾ കണ്ണൻ എന്താണ് ചെയ്തത്?
- 'വെണ്ണിലാവോലുന്ന തിങ്കൾ പോലെ' കണ്ണന്റെ മുഖം തിളങ്ങാൻ കാരണമെന്ത്?

### വരികൾ കണ്ടെത്താം

- കൈയിലെ വെണ്ണ കാക്ക കൊണ്ടുപോയി.
- കണ്ണൻ കള്ളം പറഞ്ഞിട്ടും അമ്മ വീണ്ടും വെണ്ണ നൽകുന്നു.

### അർഥം കണ്ടെത്താം

താഴെ കൊടുത്ത പദങ്ങളുടെ അർഥം അർഥസൂചിക നോക്കി കണ്ടെത്താം

| | | |
|---|---|---|
| സ്നാനം | - | കുളി |
| ആർത്തൻ | - | ................................ |
| ആഗമിക്കുക | - | ................................ |
| കാകൻ | - | ................................ |
| പൈതൽ | - | ................................ |
| തിങ്കൾ | - | ................................ |
| അഞ്ചിതം | - | ................................ |
| തൂമ | - | ................................ |



JT 265-2/Malayalam- 4 (Vol.1)



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

**അടിവരയിട്ട പദത്തിനു പകരം അതേ അർഥമുള്ള മറ്റൊരു പദം ചേർത്തെഴുതുക.**

കള്ളനായുള്ള <u>കാകൻ</u>

വെണ്ണിലാവോലുന്ന <u>തിങ്കൾ</u>

ആർത്തനായ് നിന്നു ഞാൻ <u>കേഴും</u>പോലെ

**മാതൃകപോലെ മാറ്റിയെഴുതാം**

ആഗമിപ്പോളവും - ആഗമിക്കുന്നതുവരെ

ഏതുമേ താരാതെ -

കേഴുംപോലെ -

**ചൊല്ലി രസിക്കാം**

കവിതയിലെ കണ്ണനെയും അമ്മയെയും കണ്ടുവല്ലോ.

ഇതാ മറ്റൊരമ്മയും ഉണ്ണിയും.



ആറ്റിൻവക്കത്തെ മാളികവീട്ടില-
ന്നാറ്റുനോറ്റിട്ടൊരുണ്ണി പിറന്നു.
ഉണ്ണിക്കരയിലെക്കിങ്ങിണി പൊന്നുകൊ-
ണ്ടുണ്ണിയ്ക്കു കാതിൽ കുടക്കടുക്കൻ
പാപ്പകൊടുക്കുന്നു പാലുകൊടുക്കുന്നു
പാവകൊടുക്കുന്നു നങ്ങേലി
കാച്ചിയ മോരൊഴിച്ചൊപ്പിവടിച്ചിട്ടു
കാക്കേ, പൂച്ചേ, പാട്ടുകൾ പാടീട്ട്
മാനത്തമ്പിളിമാമനെക്കാട്ടീട്ട്
മാമു കൊടുക്കുന്നു നങ്ങേലി.
താഴെവച്ചാലുറുമ്പരിച്ചാലോ
തലയിൽ വച്ചാൽ പേനരിച്ചാലോ
തങ്കക്കുടത്തിനെത്താലോലം പാടീട്ടു
തങ്കക്കട്ടിലിൽപ്പട്ടുവിരിച്ചിട്ടു
തണുതണെപ്പൂന്തുട തട്ടിയുറക്കീട്ടു
ചാഞ്ഞു മയങ്ങുന്നു നങ്ങേലി.

**ഇടശ്ശേരി**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## സമാനാർഥമുള്ള പദങ്ങൾ കണ്ടെത്താം



| | | |
|---|---|---|
| മുഖം | - | ആനനം, വദനം, ആസ്യം |
| നിലാവ് | - | |
| പുഞ്ചിരി | - | |
| കൈ | - | |
| അമ്മ | - | |
| പാൽ | - | |

## ആവർത്തനത്തിന്റെ ഭംഗി കണ്ടെത്തി ആസ്വദിക്കാം

- വെണ്ണയെക്കണ്ടൊരു കണ്ണന്താനന്നേരം
  വെണ്ണിലാവഞ്ചിച്ചിരിച്ചു ചൊന്നാൻ

ഇതുപോലെ അക്ഷരങ്ങൾ ആവർത്തിക്കുന്ന വരികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി ചൊല്ലി നോക്കാം.

## ഒരേ ഈണം ഒരേ താളം



- ആവൂ വിശപ്പില്ലേ കാച്ചിയ പാലിതാ
  തൂവെള്ളിക്കിണ്ണത്തിൽ തേൻ കുഴമ്പും
  നല്ല പഴങ്ങളുമാവോളം ഭക്ഷിച്ചു
  വല്ലതും മുൻമട്ടിൽ സംസാരിപ്പിൻ

**വള്ളത്തോൾ**

ഈ വരികളും വെണ്ണക്കണ്ണൻ എന്ന കവിതയിലെ വരികളും ചൊല്ലിനോക്കൂ. ഈണം സമാനമല്ലേ?

എന്തുകൊണ്ടാകാം ഈ സമാനത?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# സ്നേഹം താൻ ശക്തി

കുട്ടന് എട്ടു വയസ്സ്. ലൈലയ്ക്ക് ആറു വയസ്സ്.

സ്കൂൾ ഇനി കുറേ ദിവസത്തേക്ക് തുറക്കുകയില്ല. അതുകൊണ്ട് കളിക്കുകയാണ് മുറ്റത്ത്. വെയിലു പോയിത്തുടങ്ങി. അവർ തുള്ളിച്ചാടി കളിച്ചുനടക്കുന്നതിനിടയ്ക്ക് ഒരു മൈന വന്നിരുന്നു. ഒരിക്കലും ഒരു പക്ഷി പേടിയില്ലാതെ ഇത്ര അടുത്തു വന്നിരിക്കുന്നത് കുട്ടൻ കണ്ടിട്ടില്ല. അവനു തോന്നി, പതുക്കെ അടുത്തു ചെന്നാൽ അതിനെ കൈയിലെടുക്കാമെന്ന്. എന്നാൽ ആ മൈന ഒരു സൂത്രക്കാരനായിരുന്നു. കുട്ടൻ തൊട്ടു തൊട്ടില്ല എന്നു വന്നപ്പോൾ മനുഷ്യർ ചിരിക്കുന്ന സ്വരത്തിൽ മൈന ഒച്ചയുണ്ടാക്കിക്കൊണ്ട് മുറ്റത്തിന്റെ വടക്കേ അരികിൽ നിന്നിരുന്ന മാവിന്റെ കൊമ്പത്ത് പറന്നുപറ്റി. അതുകണ്ട് കുറച്ചു ക്ഷുഭിതനായി കുട്ടൻ മുറിയിലേക്കോടിപ്പോയി. മടങ്ങിവന്നത് തന്റെ പ്രിയപ്പെട്ട തെറ്റാലിയുമായിട്ടാണ്. അതിലൊരു ചെറിയ കല്ലെടുത്തുവച്ച് മൈനയുടെ നേർക്കു ലാക്കുനോക്കുന്നതുകണ്ട് ലൈല പറഞ്ഞു:

"ചേട്ടാ, പാവം മൈന. എന്തിനാണതിനെ കൊല്ലുന്നത്?"

ലൈല പറഞ്ഞതിന്റെ അർഥം നല്ലതുപോലെ മനസ്സിലായിട്ടെന്നതുപോലെ ആ കിളി ഈണത്തിലൊരു പാട്ടുപാടി. ആ പാട്ടിന്റെ മാധുര്യം അസാധാരണമായിരുന്നു. അതിന്റെ അനുബന്ധം പോലെ ലൈല പറഞ്ഞു:





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



“ഒരു പീഡയെറുമ്പിനും വരുത്തരുതെന്നല്ലേ ഇന്നലെ രാത്രി അമ്മ നമ്മോട് പറഞ്ഞത്. എറുമ്പാണെങ്കിൽ കടിക്കുകയെങ്കിലും ചെയ്യും. കേൾക്കൂ, ആ മൈനയുടെ പാട്ട്. എനിക്കതിന് ഒരുമ്മ കൊടുക്കാൻ തോന്നുന്നു”.

എന്തോ അബദ്ധം ചെയ്യുവാൻ തുടങ്ങിയവനെപ്പോലെ കുട്ടൻ അവന്റെ കൈയിലിരുന്ന തെറ്റാലിയും കല്ലും തറയിലിട്ടു. പിന്നെ നടന്നത് ഒരു വലിയ അദ്ഭുതമാണ്. മധുരമായി പാടിക്കൊണ്ട് മൈന മാവിന്റെ കൊമ്പിലിരിക്കുമ്പോൾ അതിലുണങ്ങിയും മുരടിച്ചും നിന്ന ഇലകളെല്ലാം പൊഴിഞ്ഞു താഴെ വീണു!

അതിനുപകരം പട്ടുപോലെ മൃദുലമായ തളിരിലകൾ ആ കൊമ്പിലാകെ വന്നുനിറഞ്ഞു. മൈന ഓരോ കൊമ്പിലും മാറി മാറി ഇരുന്നു. ഉണങ്ങി മുരടിച്ചു വൃദ്ധയെപ്പോലെ നിന്ന ആ മാവ് ഏതാനും മിനുട്ടുകൾക്കുള്ളിൽ നിറയെ മാവിലകൊണ്ടു പൊതിഞ്ഞു. എന്നുമാത്രമല്ല കൊമ്പിന്റെ അറ്റത്തെല്ലാം പൂക്കുലകളും കാണാറായി.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ലൈല പറഞ്ഞു :

"ചേട്ടാ ഇത് വെറും ഒരു മൈനയല്ല.

നോക്കൂ, ക്രിസ്റ്റീനയുടെയും റഹ്മാന്റെയും വീട്ടുമുറ്റത്ത് എത്രമാതിരി പഴച്ചെടികളും പൂച്ചെടികളുമാണുള്ളത്. നമുക്കാകെയുള്ളത് ഈ മാവാണ്. അതോ ഉണങ്ങി ഇലയെല്ലാം കുരുണിപ്പോയത്. ഈ മൈന വന്നു പാട്ടുപാടി ആ മരത്തെ പുതിയതാക്കിയിരിക്കുന്നു. നമുക്കും ഇങ്ങനെ പാടാൻ കഴിഞ്ഞിരുന്നെങ്കിൽ!" അവൾ അത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ മൈന മനുഷ്യശബ്ദത്തിൽ ഒരുപാട്ടുകൂടി പാടി:

*സ്നേഹത്തിൽനിന്നുദിക്കുന്നൂ-ലോകം*
*സ്നേഹത്താൽ വൃദ്ധിതേടുന്നു,*
*സ്നേഹം താൻ ശക്തി ജഗത്തിൽ-സ്വയം*
*സ്നേഹംതാനാനന്ദമാർക്കും;*
*സ്നേഹംതാൻ ജീവിതം ശ്രീമൻ,-സ്നേഹ*
*വ്യാഹതി തന്നെ മരണം !!*

മൈന ഇങ്ങനെ വീണ്ടും വീണ്ടും പാടുന്നതുകേട്ടപ്പോൾ കുട്ടികൾക്ക് അതു പഠിക്കാൻ കഴിഞ്ഞു. പിന്നെ മുറ്റത്തും പുരയിടത്തിലും അവർ എവിടെ നിന്നെല്ലാം ഇതു പാടിയോ അവിടെനിന്നെല്ലാം ഒരു മായാവിദ്യയിലെന്ന പോലെ നല്ല ശോഭയും മണവും തേനുമുള്ള പൂക്കളുതിർത്തുകൊണ്ട് ഓരോ ചെടി പ്രത്യക്ഷപ്പെട്ടു. ആ നാടുതന്നെ പാട്ടുകേട്ട് കുളുർത്തതു പോലെ, വസന്തത്തിലെന്നതുപോലെ അതീവ സുന്ദരമായിത്തീർന്നു.

**ഇത്തിരിക്കാര്യം** **നിത്യചൈതന്യയതി**






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## നിത്യചൈതന്യയതി



1924 നവംബർ 2-ാം തീയതി പത്തനംതിട്ട ജില്ലയിലെ മുറിഞ്ഞകല്ലിൽ (വകയാർ) ജനനം. ജയചന്ദ്രൻ എന്നായിരുന്നു ആദ്യത്തെ പേര്. സന്ന്യാസം സ്വീകരിച്ചപ്പോൾ പേര് നിത്യചൈതന്യയതി എന്നാക്കി. അധ്യാപകനായിരുന്നു.

പരിവർത്തനോന്മുഖ വിദ്യാഭ്യാസം, സത്യത്തിന്റെ മുഖങ്ങൾ, ഭാരതീയ മനഃശാസ്ത്രത്തിന് ഒരാമുഖം, നളിനി എന്ന കാവ്യശില്പം, ജാതിമതം ദൈവം, യതിചര്യ, മനഃശാസ്ത്രം ജീവിതത്തിൽ തുടങ്ങി നിരവധി കൃതികൾ രചിച്ചു. കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്. 1999 മെയ് 14 ന് അന്തരിച്ചു.

### കണ്ടെത്താം

- കുട്ടൻ ക്ഷുഭിതനായതെന്തുകൊണ്ട്?
- ലൈലയ്ക്കും കുട്ടനും അമ്മ പകർന്നുകൊടുത്ത പാഠമെന്തായിരുന്നു?
- മൈനയുടെ പാട്ടുകേട്ട് മരത്തിനുണ്ടായ മാറ്റമെന്താണ്?
- മൈന മനുഷ്യശബ്ദത്തിൽ പാടിയ പാട്ടേതാണ്?

### അർഥം കണ്ടെത്താം

ക്ഷുഭിതൻ ...............................

ലാക്ക് ...............................

ശോഭ ...............................

അനുബന്ധം ...............................

ജഗത്ത് ...............................

പീഢ ...............................

വസന്തം ...............................

മൃദുലം ...............................



### കണ്ടെത്താം എഴുതാം

- 'ചേട്ടാ ഇത് വെറുമൊരു മൈനയല്ല.'
  എന്തുകൊണ്ടായിരിക്കാം ലൈല ഇങ്ങനെ പറഞ്ഞത്?
- മൈനയുടെ പാട്ട് കുട്ടികൾ ഏറ്റുപാടിയപ്പോൾ
  ചുറ്റുപാടിനുണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണ്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### വ്യത്യാസം കണ്ടെത്താം

'അ' മുന്നിൽ ചേരുമ്പോൾ വാക്കുകൾക്ക് വിപരീതാർഥം വന്നുചേരുന്നതു ശ്രദ്ധിക്കൂ. മറ്റു വാക്കുകളും ഇതുപോലെ മാറ്റിയെഴുതൂ.

| | | |
|---|---|---|
| സാധാരണം | - | അസാധാരണം |
| നീതി | - | |
| ധർമം | - | |
| സത്യം | - | |

### കേട്ടെഴുതാം

അധ്യാപിക പറയുന്ന ഏതാനും വാക്കുകൾ ശ്രദ്ധിച്ചു കേട്ട് എഴുതൂ.

### മാറ്റിയെഴുതാം

അടിവരയിട്ട പദങ്ങൾ അർഥവ്യത്യാസം വരാതെ വാക്യത്തിന്റെ മറ്റൊരു ഭാഗത്തു ചേർത്ത് വാക്യം മാറ്റിയെഴുതാം.

- ഒരിക്കലും ഒരു പക്ഷി പേടിയില്ലാതെ ഇത്ര അടുത്തു വന്നിരിക്കുന്നത് കുട്ടൻ കണ്ടിട്ടില്ല.

  ഒരു പക്ഷി പേടിയില്ലാതെ ഇത്ര അടുത്തു വന്നിരിക്കുന്നത് കുട്ടൻ ഒരിക്കലും കണ്ടിട്ടില്ല.

- അവർ കളിക്കുകയാണ് മുറ്റത്ത്.
- അവനു തോന്നി പതുക്കെ അടുത്തു ചെന്നാൽ അതിനെ കൈയിലെടുക്കാമെന്ന്.

### വർണക്കടലാസുകൊണ്ട് പൂക്കൾ ഉണ്ടാക്കി നോക്കാം



ആരുടെ പൂവിനാണ് കൂടുതൽ ഭംഗി?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സ്നേഹവചനങ്ങൾ ശേഖരിക്കാം

- 'നിന്നെപ്പോലെ നിന്റെ
  അയൽക്കാരനെയും സ്നേഹിക്കുക'.
- 'സ്നേഹിക്കയുണ്ണീ നീ നിന്നെ
  ദ്രോഹിക്കുന്ന ജനത്തെയും'

ഇതുപോലെ സ്നേഹത്തിന്റെ മഹത്ത്വം സൂചിപ്പിക്കുന്ന വചനങ്ങൾ ശേഖരിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# കുടയില്ലാത്തവർ



പള്ളിക്കൂടം തുറന്നല്ലോ!-മഴ-
ത്തുള്ളികളും തുള്ളി വന്നല്ലോ!
വേനലൊഴിവെത്ര വേഗം പോയ്!
വേനൽക്കിനാക്കൾ കരിഞ്ഞേ പോയ്!
പൂരവും പെരുന്നാളുമെല്ലാം പോയ്!
പൂതവും തെയ്യവുമെങ്ങോ പോയ്!
പൂക്കണി വച്ച വിഷുവും പോയ്! 'വിത്തും
കൈക്കോട്ടു'മായ് വന്ന കിളിയും പോയ്!
പള്ളിക്കൂടം തുറന്നല്ലോ!- മഴ-
ത്തുള്ളികളും തുള്ളി വന്നല്ലോ!

പുതുമണം മഴപെയ്ത മണ്ണിന്നും;
പുതുമണം പുത്തനുടുപ്പിന്നും;
പുതുപാഠപുസ്തകത്താളുകൾക്കും
പുതുമണം-കാലം പുതുക്കുന്നു.
പല നിറമോലും നീരാമ്പൽപോലാം
കുടകൾക്കു കീഴെയായ് പോണോരേ!
മഴവെള്ളച്ചാലുകൾ നീന്തിയെത്തും
പൊടിമീനിൻനിരപോലാം കൂട്ടുകാരേ!
ആർത്തുല്ലസിച്ചിന്നു നിങ്ങൾ പോകേ,
ഓർത്തുപോകുന്നു ഞാനെന്റെ ബാല്യം!

ഒരു വാഴയില വെട്ടിത്തലയിൽ വച്ച്,
ചെറുസ്ലേറ്റും ബുക്കും തൻ മാറണച്ച്,
നനയാതെയാകെ നനഞ്ഞു പോമീ
അനിയനല്ലാത്തോരനിയനേയും
"നനയാതെ"ന്നോതി തൻകുടയിൽ നിർത്തും
കനിവായ് വരുന്നൊരു കൊച്ചുപെങ്ങൾ!
കുടയില്ലാത്തോഴനെ കൂടെ നിർത്താൻ
കുറവ് തോന്നാത്തൊരു കൊച്ചുപെങ്ങൾ!
കുതിരുന്നു ഞാൻ-ആ മഴയിലല്ലാ;
ഒരു കുഞ്ഞുപെങ്ങൾ തൻ സ്നേഹവായ്പിൽ!

**ഞാനഗ്നി** **ഒ.എൻ.വി കുറുപ്പ്**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### ഒ.എൻ.വി കുറുപ്പ്

1931 മെയ് 27 ന് കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. അധ്യാപകൻ, കവി, ഗാനരചയിതാവ്. 2007-ലെ ജ്ഞാനപീഠപുരസ്കാരം ലഭിച്ചു. പത്മഭൂഷൻ ബഹുമതിയും എഴുത്തച്ഛൻ പുരസ്കാരവും കേന്ദ്രകേരള സാഹിത്യ അക്കാദമി അവാർഡുകളും ലഭിച്ചിട്ടുണ്ട്. പ്രധാനകൃതികൾ: ഭൂമിക്കൊരു ചരമഗീതം, അക്ഷരം, ഉപ്പ്, ഉജ്ജയിനി, വളപ്പൊട്ടുകൾ, കറുത്ത പക്ഷിയുടെ പാട്ട്, ഭൈരവന്റെ തുടി തുടങ്ങിയവ.

### കണ്ടെത്താം

- 'വേനലൊഴിവെത്ര വേഗം പോയ്!' ഒഴിവുകാലത്തോടൊപ്പം എന്തെല്ലാമാണ് പോയ്മറഞ്ഞത്?
- സ്വന്തം ബാല്യം കവി ഓർമിച്ചതെപ്പോഴാണ്?
- കുട്ടിക്കാലത്ത് കവിയെ കൊച്ചുപെങ്ങൾ സഹായിച്ചതെങ്ങനെ?

### കണ്ടെത്താം എഴുതാം

- 'വേനൽക്കിനാക്കൾ കരിഞ്ഞേ പോയ്'-
  എന്തൊക്കെയായിരിക്കാം കവിയുടെ വേനൽക്കിനാക്കൾ?
- 'കുതിരുന്നു ഞാൻ ആ മഴയിലല്ലാ,
  ഒരു കുഞ്ഞുപെങ്ങൾതൻ സ്നേഹവായ്പിൽ'

  കുഞ്ഞുപെങ്ങളുടെ സ്നേഹവായ്പിൽ കുതിർന്നു എന്ന് കവി പറഞ്ഞതെന്തുകൊണ്ടാവാം?

### പ്രയോഗഭംഗി കണ്ടെത്താം

- 'മഴത്തുള്ളികളും തുള്ളിവന്നല്ലോ'
- 'പൊടിമീനിൻ നിരപോലാം കൂട്ടുകാർ'
- 'അനിയനല്ലാത്തോരനിയൻ'

ഈ പ്രയോഗങ്ങളുടെ ഭംഗി വിശദമാക്കി എഴുതുക.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### വാക്കുകൾ കണ്ടെത്താം

- 'പുതു'ചേർത്ത് ഏതൊക്കെ വാക്കുകൾ എഴുതാം?

  പുതുമണം, പുതുമഴ, ...................., ............................, ............................

### മറക്കാത്ത മഴക്കാലം

- മഴക്കാലത്തെക്കുറിച്ച് കവിക്കുള്ള ഓർമകൾ കവിതയിൽ നിന്നറിഞ്ഞല്ലോ. ഇതുപോലെ നിങ്ങൾക്കുണ്ടായ ഒരു മഴക്കാല അനുഭവം ഓർമിച്ചെഴുതൂ.

### ചിത്രം വരയ്ക്കാം

- 'പലനിറമോലും നീരാമ്പൽപോലാം
  കുടകൾക്കു കീഴെയായ് പോണോരേ!'

ഈ വരികൾ വായിക്കുമ്പോൾ മനസ്സിൽ ഒരു മനോഹരദൃശ്യം ഓടിയെത്തുന്നില്ലേ? അതൊന്ന് ചിത്രീകരിച്ചാലോ?

### ശേഖരിക്കൂ, ചൊല്ലി രസിക്കൂ

മഴയെ വർണിക്കുന്ന കവിതകൾ ശേഖരിച്ചു ചൊല്ലാം. എന്റെ കവിതാപുസ്തകത്തിൽ ചേർക്കാം.

### ചർച്ച ചെയ്യുക

- കുഞ്ഞേടത്തിയെത്തന്നെയല്ലോ
  ഉണ്ണിക്കെന്നെന്നുമേറെയിഷ്ടം
  മടിയിലിരുത്തീട്ട് മാറോട് ചേർത്തിട്ട്
  മണിമണിപോലെ കഥ പറയും
  ആനേടെ, മയിലിന്റെ, ഒട്ടകത്തിന്റെയും
  ആരും കേൾക്കാത്ത കഥ പറയും!

  – ഒ.എൻ.വി

കുഞ്ഞേടത്തി ഉണ്ണിക്കു നല്കുന്ന സ്നേഹവും കവിതയിലെ കൊച്ചുപെങ്ങൾ നൽകുന്ന സ്നേഹവും സ്നേഹത്തിന്റെ വ്യത്യസ്ത മുഖങ്ങളാണ് കാണിച്ചുതരുന്നത്. ചർച്ച ചെയ്യുക.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## അർഥസൂചിക

### വെണ്ണക്കണ്ണൻ

| | | |
|---|---|---|
| അഞ്ചിതം | - | മനോഹരം |
| ആഗമിക്കുക | - | വരിക |
| ആർത്തൻ | - | ദുഃഖിതൻ |
| ആനനം | - | മുഖം |
| ഏറ്റം | - | അധികം |
| കാകൻ | - | കാക്ക |
| കേഴുക | - | കരയുക |
| കൈതവം | - | കള്ളം |
| ചൊല്ലുക | - | പറയുക |
| പയ്യവേ | - | മെല്ലെ |
| തിങ്കൾ | - | ചന്ദ്രൻ |
| തൂമ | - | ഭംഗി (വെൺമ) |
| പാലിക്കുക | - | രക്ഷിക്കുക |
| പൈതൽ | - | കുഞ്ഞ് |
| സ്നാനം | - | കുളി |

### സ്നേഹം താൻ ശക്തി

| | | |
|---|---|---|
| അനുബന്ധം | - | കൂട്ടിച്ചേർത്തത് |
| തെറ്റാലി | - | കവണ |
| പീഡ | - | ഉപദ്രവം |
| പൊഴിയുക | - | അടർന്നുവീഴുക |
| ലാക്ക് | - | ലക്ഷ്യം |
| വൃദ്ധി | - | വളർച്ച |
| വ്യാഹതി | - | നിഷേധം, തടസ്സം |
| ശോഭ | - | ഭംഗി |
| ക്ഷുഭിതൻ | - | ക്ഷോഭിച്ചവൻ (കോപിച്ചവൻ) |
| ജഗത്ത് | - | ലോകം |
| മൃദുലം | - | മാർദവമുള്ളത് |
| വസന്തം | - | പൂക്കാലം (ഋതുക്കളിൽ ഒന്ന്) |
| കുരുണിപ്പ് | - | മുരടിപ്പ് |

### കുടയില്ലാത്തവർ

| | | |
|---|---|---|
| കനിവ് | - | ദയ |
| കിനാവ് | - | സ്വപ്നം |
| കുതിരുക | - | നനഞ്ഞു വീർക്കുക |
| തോഴൻ | - | കൂട്ടുകാരൻ |
| നിറമോലും | - | നിറമുള്ള |
| നീര് | - | വെള്ളം |





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിലൂടെ ഞാൻ നേടിയ കഴിവുകൾ (ഉചിതമായ കോളത്തിൽ ✓ മാർക്ക് ചെയ്യുക)

| കഴിവുകൾ | പൂർണ്ണമായി | കുറച്ച് മാത്രം |
|---|---|---|
| ✳ കവിത ഈണത്തിലും താളത്തിലും ചൊല്ലാൻ കഴിഞ്ഞു | | |
| ✳ കവിതയുടെ ആശയം, ഭാവം എന്നിവ മനസ്സിലാക്കാൻ കഴിഞ്ഞു | | |
| ✳ കഥ നന്നായി വായിച്ചവതരിപ്പിക്കാനും ആശയം ഗ്രഹിക്കാനും കഴിഞ്ഞു | | |
| ✳ പദങ്ങളുടെ അർഥം അർഥസൂചിക നോക്കി കണ്ടെത്താൻ കഴിഞ്ഞു | | |
| ✳ കൂട്ടുകാരുടെ വായന കേട്ട് അഭിപ്രായം പറയാൻ കഴിഞ്ഞു | | |



### തുടർവായനയ്ക്കുള്ള പുസ്തകങ്ങൾ

| | | |
|---|---|---|
| മഞ്ഞപ്പാവാട | - | ഡോ. കെ. ശ്രീകുമാർ |
| മഞ്ഞുതുള്ളി | - | നിത്യചൈതന്യയതി |
| പൂതപ്പാട്ട് | - | ഇടശ്ശേരി |
| വളപ്പൊട്ടുകൾ | - | ഒ.എൻ.വി |



### പഠനനേട്ടങ്ങൾ

- പരിചയപ്പെടുന്ന പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉചിതസന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
- കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു.
- അനുഭവക്കുറിപ്പ് തയാറാക്കുന്നു.
- ഉച്ചാരണശുദ്ധി, ഒഴുക്ക്, ആവശ്യമായ ഭാവവ്യതിയാനം എന്നിവയോടെ വായിക്കുന്നു.
- ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.
- തെറ്റുകൂടാതെ ഉചിതമായ വ്യവഹാരരൂപങ്ങൾ തയാറാക്കുന്നു (കുറിപ്പ്, കവിത, അനുഭവക്കുറിപ്പ്).
- സമാനകവിതകൾ ശേഖരിക്കുന്നു.
- പാഠത്തിലെ ആശയത്തെ വിവരണം, ചിത്രീകരണം, പോസ്റ്റർ, വാർത്ത, അഭിനയം തുടങ്ങി വ്യത്യസ്തരീതിയിൽ അവതരിപ്പിക്കുന്നു.
- അമ്മയും മകനും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ മാധുര്യം ഉൾക്കൊള്ളുന്നു.
- നമുക്കു ചുറ്റുമുള്ള എല്ലാറ്റിനെയും സ്നേഹിക്കുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയുമെന്ന് ബോധ്യപ്പെടുന്നു.
- വേദനിക്കുന്നവരെയും ദുരിതമനുഭവിക്കുന്നവരെയും സ്നേഹിക്കാനും സഹായിക്കാനും നമുക്കു കഴിയേണ്ടതുണ്ട് എന്ന മനോഭാവം വളർത്തുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

2

# ഹരിതം

പച്ചക്കിളിയൊന്നു പാറി-യൊരു
കൊച്ചശോകത്തോപ്പിലേറി
ചാഞ്ചാടിയപ്പൊഴാച്ചില്ലി-ക്കൊമ്പു
താൻ ചാടുമർമരം ചൊല്ലി
ചഞ്ചൽ തളിർകൊണ്ടു വീശി-നറും
ചെഞ്ചായമൊന്നങ്ങു പൂശി
ശാരികപ്പൈതലിൻ മോടി-കണ്ടു
മാരുതനും ചെന്നുകൂടി.

**മഹാകവി കുട്ടമത്ത് കുന്നിയൂർ**
**കുഞ്ഞിക്കൃഷ്ണക്കുറുപ്പ്**



പച്ചക്കിളിയുടെ വരവ് ചുറ്റുപാടിലുണ്ടാക്കിയ ആഹ്ലാദം കണ്ടില്ലേ? ഇതുപോലെ നിങ്ങളെ ആഹ്ലാദിപ്പിക്കുന്ന എന്തെല്ലാം കാഴ്ചകളാണ് ചുറ്റുമുള്ളത്? പറഞ്ഞുനോക്കൂ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# എന്റെ പനിനീർച്ചെടി



അങ്കണത്തിന്നലങ്കാരമായൊരു
ചെമ്പനീർച്ചെടി നട്ടു വളർത്തി ഞാൻ.
ജാതമോദമതിന്നനുവാസരം
ശീതളജലധാര പകർന്നു ഞാൻ.
നാൾക്കുനാളതിൽ നാമ്പുണരുന്നതു
നോക്കി നോക്കി മനം കുളുർപ്പിക്കുവാൻ,
മുട്ടുതോറും കിളുർക്കും മുളകളെ
ക്ഷുദ്രകീടം കരളാതെ കാക്കുവാൻ,
അങ്കുരിക്കും കുരുന്നിലയുഗ്രമാ-
മുച്ചവെയിലേറ്റു വാടാതെ നോക്കുവാൻ
വിസ്മരിക്കാതെ നിന്നു ഞാനപ്പുതു-
പുഷ്പവല്ലിക്കു കാവൽമാലാഖയായ്.

മഞ്ഞുപെയ്യുന്ന ഹേമന്തസൗഭഗം
എന്റെ നാടിനെ പുല്കിയ വേളയിൽ
ആകമാനം തളിർത്തു മനോഹര-
ശ്യാമളാംഗിയായെൻ പനിനീർച്ചെടി.
ശുദ്ധമാകും തുഷാരകണങ്ങളാൽ
മുത്തണിഞ്ഞു സുമംഗലിയാകവേ
ചില്ലതോറും പുളകാങ്കുരം കണ-
ക്കുല്ലസിച്ചു മുകുളമുളകളും.
പൊൻപുലരിത്തുടുപ്പിനെ നോക്കിയ-
പ്പൊൻമുകുളങ്ങൾ മന്ദഹസിക്കവേ
ആർത്തിരമ്പുകയായനുവേലമെ-
ന്നന്തരംഗത്തിലാനന്ദസാഗരം.

**അന്തിനക്ഷത്രം** **മേരിജോൺ കൂത്താട്ടുകുളം**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### മേരിജോൺ കൂത്താട്ടുകുളം

1905 ജനുവരി 22 ന് എറണാകുളം ജില്ലയിലെ കൂത്താട്ടുകുളത്ത് ജനിച്ചു. തപാൽ വകുപ്പിൽ ഉദ്യോഗസ്ഥയായിരുന്നു. അന്തിനക്ഷത്രം, ബാഷ്പമണികൾ, പ്രഭാതപുഷ്പം, കാവ്യകൗമുദി, കാറ്റു പറഞ്ഞ കഥ തുടങ്ങിയവയാണ് പ്രധാനകൃതികൾ. 1988 ഡിസംബർ 2 ന് അന്തരിച്ചു.

## കണ്ടെത്താം

- കുട്ടി പനിനീർച്ചെടിയെ എങ്ങനെയെല്ലാമാണ് പരിപാലിച്ചത്?
- ഹേമന്തം വന്നപ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് പനിനീർ ച്ചെടിക്ക് ഉണ്ടായത്?



## ചൊല്ലി രസിക്കാം

കവിത ഈണത്തിലും താളത്തിലും ചൊല്ലി രസിക്കാം.

## താഴെ ചേർത്ത ആശയം വരുന്ന വരികൾ കണ്ടെത്താം

- കുട്ടി പനിനീർച്ചെടിക്ക് വെള്ളമൊഴിച്ചു.
- കുട്ടിയുടെ മനസ്സിൽ സന്തോഷമുണ്ടായി.

## കണ്ടെത്താം, എഴുതാം

- സന്തോഷം എന്ന വാക്കിനു പകരം കവിതയിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളും പ്രയോഗങ്ങളും കണ്ടെത്തി എഴുതുക.

സന്തോഷം : ........................, ...................., ...........................

ഇതുപോലെ താഴെ കൊടുത്ത വാക്കുകൾക്കും സമാനാർഥമുള്ള പദങ്ങൾ കണ്ടെത്തി എഴുതൂ.

മഞ്ഞ് : ...................... ...................... ......................

ശീതളം : ...................... ...................... ......................

പൂവ് : ...................... ...................... ......................

## പറയാം എഴുതാം

- ഹേമന്തം എന്നാൽ മഞ്ഞുകാലമാണല്ലോ. മറ്റ് ഏതൊക്കെ കാലങ്ങളെ ക്കുറിച്ച് നിങ്ങൾക്കറിയാം? അവയുടെ പ്രത്യേകതകൾ എന്തൊക്കെ? ഓരോ ന്നിനെക്കുറിച്ചും ക്ലാസ്സിൽ ചർച്ച ചെയ്തതിനുശേഷം കുറിപ്പെഴുതൂ.

## എഴുതാം

- ആർത്തിരമ്പുകയായനുവേലമെ-
  ന്നന്തരംഗത്തിലാനന്ദ സാഗരം.

എന്തുകൊണ്ടാണ് കുട്ടിയുടെ മനസ്സിൽ ആനന്ദം ആർത്തിരമ്പിയത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### മാതൃകപോലെ പദം പിരിച്ചെഴുതുക

മുത്തണിഞ്ഞു - മുത്ത് + അണിഞ്ഞു
നാമ്പുണരുന്നത് -
ആർത്തിരമ്പുക -
കുരുന്നില -

### പൂരിപ്പിക്കാം

- നോക്കി നോക്കി മനം കുളുർപ്പിക്കുവാൻ.

അടിവരയിട്ട പദം ശ്രദ്ധിച്ചുവല്ലോ. താഴെ കൊടുത്ത വരികൾ പൂരിപ്പിക്കുക.

കണ്ടു കണ്ടു മടുത്തു.
കേട്ടു കേട്ടു........................................................
.........................................................................
.........................................................................

### പ്രയോഗഭംഗി വിശദമാക്കാം

- വിസ്മരിക്കാതെ നിന്നു ഞാനപ്പുതു
  പുഷ്പവല്ലിക്കു കാവൽ മാലാഖയായ്

താൻ കാവൽ മാലാഖയാണെന്ന് കുട്ടി കരുതാൻ കാരണമെന്തായിരിക്കും?

### വിവരണം തയാറാക്കാം

- പനിനീർച്ചെടി വീട്ടുമുറ്റത്തിന് അലങ്കാരമാണെന്നു കണ്ടല്ലോ.

വീട്ടുമുറ്റത്തിന് അലങ്കാരമായിത്തീരുന്ന ചെടികളെക്കുറിച്ച് വിവരണം തയാറാക്കാമോ?

### നിറം കൊടുക്കാം

- ചെടികൾക്കു യോജിച്ച പൂക്കൾ വരച്ച് നിറം കൊടുക്കുക.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഞാവൽക്കാട്



വടക്കൻ മലയിലെ പടുകൂറ്റൻ ഞാവൽ മരമാണ് പക്ഷികളുടെ താവളം. നീണ്ടു തടിച്ച ശാഖകൾ ചുറ്റിലും പടർത്തി ആകാശം മുട്ടെ വളർന്നുനിൽക്കുന്ന ഞാവൽ കാട്ടിലെ ഏറ്റവും പ്രായം കൂടിയ മരമാണ്. വലിപ്പത്തിന്റെ കാര്യത്തിലും ഞാവലാണ് ഒന്നാമൻ!

ആ പ്രദേശം മുഴുവൻ ഞാവൽക്കാടെന്ന പേരിലാണ് അറിയപ്പെടുന്നത്.

ഞാവൽമരത്തിൽനിന്ന് എപ്പോഴും കിളികളുടെ കലപില ശബ്ദം കേൾക്കാം.

ഗരുഡമ്മാവന്റെ ഓർമയിൽ ഒരു മനുഷ്യനും അവിടെ കാൽകുത്തിയിട്ടില്ല. കാരമുള്ളുകളും കള്ളിമുള്ളുകളും പാറക്കല്ലുകളും ഒരു മുഴം നീളമുള്ള അട്ടകളും നിറഞ്ഞ ആ പ്രദേശം മൃഗങ്ങളെപ്പോലും ആകർഷിച്ചിട്ടില്ല.

സന്ധ്യയായാൽ ഞാവൽമരവും പരിസരവും സംഗീതംകൊണ്ട് നിറയും! തീറ്റ തേടിപ്പോയ പക്ഷികൾ കൂടണയാൻ തിരിച്ചെത്തുന്ന സമയം. കാക്ക, കുയിൽ, തത്ത, പ്രാവ്, കുരുവി, പരുന്ത്, കാലൻകോഴി, മൂങ്ങ, നത്ത്, മരംകൊത്തി, കഴുകൻ....എത്രയെത്ര പക്ഷികൾ! എല്ലാ പക്ഷികളുടെയും നേതാവാണ് ഗരുഡമ്മാവൻ!

പക്ഷികളുടെ ഇടയിലുള്ള ചില്ലറ കലഹങ്ങൾ ഗരുഡമ്മാവനാണ് പറഞ്ഞു തീർക്കുന്നത്. അദ്ദേഹത്തിന്റെ കല്പനയനുസരിക്കാത്തവന് ഞാവൽ മരത്തിൽ സ്ഥാനമില്ല. ഒരിക്കൽ ഗരുഡമ്മാവന്റെ കല്പനയെ ധിക്കരിച്ച കടവാതിലുകളെ പക്ഷികൾ കൂട്ടത്തോടെ ആക്രമിച്ചു നാടുകടത്തിവിട്ടു. പിന്നീട് ഒരൊറ്റ കടവാതിലും ഞാവൽമരത്തിൽ വന്നിട്ടില്ല.

ഞാവൽക്കായ് പഴുക്കുമ്പോഴാണ് പക്ഷികളുടെ ഉത്സവാഘോഷം. ലക്ഷക്കണക്കിനുണ്ടാകുന്ന കരിവണ്ടിൻനിറമുള്ള ഞാവൽപ്പഴങ്ങൾ തിന്ന്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മത്തുപിടിച്ച് പാടുന്ന പക്ഷികളുടെ പാട്ട് ആഴ്ചകളോളം കേൾക്കാറുണ്ട്. പഴങ്ങൾ തീരുന്നതുവരെ ഒരൊറ്റ പക്ഷിയും ഭക്ഷണം തേടി പുറത്തു പോകാറില്ല. രാവും പകലും തീറ്റ തന്നെ തീറ്റ. ചുരുക്കത്തിൽ ഞാവൽക്കാട് പക്ഷികളുടെ സ്വർഗമാണ്.

ഒരു രാത്രി ഉണ്ടക്കണ്ണൻമൂങ്ങയും കൂട്ടരും പറന്നെങ്ങോ പോയി തിരിച്ചുവരികയായിരുന്നു. അവരാണ് ആദ്യമായി ആ കാഴ്ച കണ്ടത്! ഞാവൽക്കാട്ടിൽ ഒരിടത്ത് തീയാളിക്കത്തുന്നു! മനുഷ്യർ കാടുവെട്ടി തീയിട്ടിരിക്കുകയാണ്.

ആദ്യം കാട്ടുമനുഷ്യരായിരിക്കുമെന്നാണ് ഉണ്ടക്കണ്ണൻ കരുതിയത്. അവർ തണുപ്പുമാറ്റാൻ കരിയില കൂട്ടി തീയിടാറുണ്ട്. പക്ഷേ, ആവശ്യം കഴിഞ്ഞാൽ അതു കെടുത്തിയിട്ടേ അവർ പോകൂ. കാട്ടിലെ ഒരു ചെടിപോലും അവർ നശിപ്പിക്കില്ല. കാട് അവരുടേയും വീടാണല്ലോ. ഉണ്ടക്കണ്ണൻ സൂക്ഷിച്ചുനോക്കി. അതെ, അവർ നാട്ടുമനുഷ്യർ തന്നെ! സംശയമില്ല. കാടു നശിപ്പിക്കാനുള്ള ശ്രമമാണ്. ഉണ്ടക്കണ്ണനും കൂട്ടരും വേഗം മടങ്ങി. ഗരുഡമ്മാവന്റെ അടുത്തു വന്നു, വിവരം പറഞ്ഞു:

"മനുഷ്യർ കാടിനു തീ വച്ചിരിക്കുന്നു". നേരം വെളുത്തു വരുന്നേയുള്ളൂ. പക്ഷികൾ പലതും ഉണർന്നിട്ടില്ല! ഗരുഡമ്മാവൻ ഏറ്റവും ഉയരമുള്ള കൊമ്പിലിരുന്നു ചുറ്റും കണ്ണോടിച്ചു. വൃദ്ധനായെങ്കിലും അമ്മാവന്റെ കണ്ണിന്റെ ശക്തി അപാരമാണ്. അകലെ തീയാളുന്നത് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. കാട്ടുതീയാണെന്നാണ് ആദ്യം തോന്നിയത്. പക്ഷേ, അതല്ല. മൂങ്ങകൾ പറഞ്ഞതാണ് ശരി. തീയിനു ചുറ്റും മനുഷ്യർ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നത് ഗരുഡമ്മാവൻ കണ്ടു. നിമിഷനേരം കൊണ്ട് മുതിർന്ന പക്ഷികളുടെ സഭ വിളിച്ചുകൂട്ടി. ഗരുഡമ്മാവൻ





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എല്ലാവരോടുമായി പറഞ്ഞു.

"വലിയൊരപകടം നമ്മെ പിടികൂടി യിരിക്കുന്നു! മനുഷ്യർ ഞാവൽക്കാട്ടിനു തീവച്ചിരിക്കുകയാണ്!" വാർത്ത കേട്ടു പല പക്ഷികളും വാവിട്ടു കരഞ്ഞു. മുട്ടകളും കുഞ്ഞുങ്ങളുമുള്ള അമ്മമാരാണ് ഏറെ പരിഭ്രമിച്ചത്. ഞാവൽക്കാട് വിട്ടുപോകുന്ന കാര്യം ആർക്കും ഇഷ്ടമല്ല. പക്ഷികളുടെ പരിഭ്രമവും കരച്ചിലും കണ്ടപ്പോൾ ഗരുഡമ്മാവനും സങ്കടമായി! അവരെ സമാശ്വസിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

"അത്ര പെട്ടെന്നൊന്നും തീയോ മനുഷ്യനോ നമ്മുടെ താവളത്തി ലെത്തില്ല. നമുക്ക് സാവധാനം എന്തെങ്കിലും ഉപായം ആലോചിക്കാം."

പക്ഷികൾ അവരുടെ കൂടുകളിലേക്കു മടങ്ങി. രണ്ടു രാത്രിയും പകലും പക്ഷികൾ ഉറക്കമില്ലാതെ കഴിച്ചുകൂട്ടി. ഭക്ഷണം തേടി അകലേക്കു പോകാൻ ഒരൊറ്റക്കിളിയും ധൈര്യപ്പെട്ടില്ല. അകലെനിന്ന് നാവുനീട്ടിക്കൊണ്ട് അരിച്ചരിച്ചു വരുന്ന തീയും പാറിപ്പറക്കുന്ന പുകയും മനുഷ്യരുടെ ശബ്ദങ്ങളും അവരെ ഭയപ്പെടുത്തി! ചില പക്ഷികൾ ഏതു നിമിഷവും താവളം ഉപേക്ഷിച്ചു പോകാൻ തയാറെടുത്തു കഴിഞ്ഞു.

ഗരുഡമ്മാവനാണ് ആകെ പരിഭ്രമിച്ചത്. പക്ഷിവർഗത്തെ സംരക്ഷിക്കേണ്ടത് തന്റെ ചുമതലയാണ്. നാലഞ്ചു ദിവസം കൂടി കഴിഞ്ഞാൽ തീ ഇങ്ങെത്താ നാണ് സാധ്യത.

മുട്ടയിട്ട് അടയിരിക്കുന്ന പക്ഷികളുടെ കാര്യമാണ് കൂടുതൽ കഷ്ടം. കാക്ക കൾ പലതും ഗരുഡമ്മാവന്റെ കണ്ണു വെട്ടിച്ച് താവളം വെടിഞ്ഞുപോയി. മൂങ്ങ കളിൽ ചെറുപ്പക്കാർക്ക് സ്ഥലം വിടാൻ തിടുക്കമായി. ഉണ്ടക്കണ്ണൻമൂങ്ങ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

അവരെ സമാധാനിപ്പിച്ചു:

“ഗരുഡമ്മാവനാണ് നമ്മുടെ നേതാവ്; അദ്ദേഹം പറയുന്നത് അനുസരിക്കുന്നതാണ് ഭംഗി! മറ്റുള്ളവർ ആപത്തിൽപ്പെടുമ്പോൾ നമ്മൾ മാത്രം രക്ഷപ്പെടുന്നതു ശരിയല്ല”.

അർദ്ധരാത്രി സമയം! ഗരുഡമ്മാവൻ വൃക്ഷത്തലപ്പിൽ ഉറക്കമിളച്ചിരിക്കുകയാണ്. കൂട്ടിനു വയസ്സന്മാരായ രണ്ടു മൂന്നു മൂങ്ങകളുമുണ്ട്! തീജ്വാലകൾ ഇടയ്ക്കിടെ മുകളിലേക്കുയർന്നുകൊണ്ടിരുന്നു! ഞാവൽക്കാട്ടിലെ വള്ളിക്കുടിലിൽ കുളക്കോഴികൾ കൂട്ടം കൂടി കൂവി. അകലെ ഏതോ മലയിൽനിന്നു കുറുക്കന്മാരുടെ ഓരിയിടൽ മുഴങ്ങി. ആകാശത്തിന്റെ വിരിമാറിൽക്കൂടി മിന്നൽപ്പിണരുകൾ പാഞ്ഞുപോകുന്നതവർ കണ്ടു. തുടർന്ന് അതിഭയങ്കരമായി ഇടിവെട്ടി. വീണ്ടും ഇടിവെട്ടുകൾ!. കാടും പരിസരവും കുലുങ്ങി!

കാടുവെട്ടി തീയിട്ടിരുന്ന മനുഷ്യരുടെ കൂട്ടക്കരച്ചിൽ അവർ കേട്ടു. തുള്ളിക്കൊരു കുടം എന്ന മട്ടിൽ മഴ കോരിച്ചൊരിയാൻ തുടങ്ങി! ഗരുഡമ്മാവൻ സ്വയം പറഞ്ഞു: ‘‘പ്രകൃതി എന്റെ പ്രാർഥന കേട്ടു!!!’’



അത്യാഹ്ലാദംകൊണ്ട് കൂടുകളിൽനിന്ന് കിളികൾ വിളിച്ചു പറഞ്ഞു: “പെയ്യട്ടേ! മഴ പെയ്യട്ടേ!”

മൂങ്ങക്കാരണവന്മാർ ഗരുഡമ്മാവനോടു പറഞ്ഞു: “നമ്മളെ രക്ഷിക്കാനാണ് മഴയെത്തിയത്. ഇനി തീയിനും മനുഷ്യനും രക്ഷയില്ല.” മൂങ്ങയുവാക്കൾ ഞാവൽ മരത്തിനു ചുറ്റും പറന്ന് ആഹ്ലാദം വെളിപ്പെടുത്തി. നേരം വെളുത്തിട്ടും മഴ കോരിച്ചൊരിയുകയാണ്. ഗരുഡമ്മാവൻ പറന്ന് വട്ടം ചുറ്റി തിരിച്ചുവന്നു. എല്ലാ പക്ഷികളോടുമായി പറഞ്ഞു: “ഇനി പേടിക്കാനില്ല. ഞാവൽക്കാട്ടിൽ തീയുമില്ല. മനുഷ്യനുമില്ല.” അന്ന് പക്ഷികൾ സമാധാനത്തോടുകൂടി ഭക്ഷണം തേടി പുറത്തിറങ്ങി....

**കാടുണരുന്നു** **പിണ്ടാണി എൻ.ബി. പിള്ള**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



**പിണ്ടാണി എൻ.ബി.പിള്ള**

1929 ഡിസംബർ 29-ാം തീയതി എറണാകുളം ജില്ലയിലെ ആലുവയ്ക്കടുത്ത് അയിരൂരിൽ ജനിച്ചു. അധ്യാപകനായിരുന്നു. കൃതികൾ: കരമൊട്ടുകൾ, കാടുണരുന്നു, ആനക്കാരൻ അപ്പുണ്ണി, കുട്ടനും കിട്ടനും തുടങ്ങിയവ. 2011 - ൽ അന്തരിച്ചു.

## പറയാം എഴുതാം

- ഞാവൽക്കാട് പക്ഷികൾക്കു സ്വർഗമായി അനുഭവപ്പെട്ടത് എന്തുകൊണ്ട്?
- ഞാവൽക്കാട്ടിലെ തീ പക്ഷികൾക്ക് ഏറെ വിഷമമുണ്ടാക്കി. തീ പടർന്നിരുന്നെങ്കിൽ മറ്റേതൊക്കെ ജീവികൾക്കാണ് പ്രയാസമുണ്ടാവുക?

## കണ്ടെത്താം

- കാട്ടുതീ, കാട്ടുമനുഷ്യൻ - ഇതുപോലെ കാടു ചേർന്നുവരുന്ന പദങ്ങൾ കണ്ടെത്തി എഴുതുക.

## ഉചിതമായി പൂരിപ്പിക്കാം

കിളികളുടെ കലപില ശബ്ദം. അടിവരയിട്ട പ്രയോഗം ശ്രദ്ധിച്ചല്ലോ? ഇതുപോലെ ഉചിതമായ പ്രയോഗങ്ങൾ വലയത്തിൽനിന്ന് തിരഞ്ഞെടുത്ത് പൂരിപ്പിക്കാം.

- നേരം........................................വെളുത്തു.
- വാഹനങ്ങളുടെ.....................................ശബ്ദം.
- മഴ...................................പെയ്തു.

(കടകട, പരപരാ, ചറപറാ)



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### അഭിപ്രായം പറയാം

- ഞാവൽക്കാട്ടിനു തീ പിടിച്ചപ്പോൾ മൂങ്ങകളിൽ ചെറുപ്പക്കാരായ ചിലർ മറ്റുള്ളവരെക്കുറിച്ചാലോചിക്കാതെ രക്ഷപ്പെടാൻ ശ്രമിച്ചു. ഈ തീരുമാനം ശരിയായിരുന്നോ? എന്തുകൊണ്ട്?

### പോസ്റ്റർ തയാറാക്കാം

- മൃഗങ്ങൾ വിളിച്ചുചേർത്ത യോഗത്തിനുശേഷം കാടിനു നേർക്കുള്ള അതിക്രമങ്ങൾക്കെതിരെ പോസ്റ്റർ പതിക്കാൻ തീരുമാനിച്ചു.

  പോസ്റ്റർ തയാറാക്കാൻ നിങ്ങൾക്കവരെ സഹായിക്കാമോ?

### പത്രവാർത്ത തയാറാക്കാം

- 'മഴ കോരിച്ചൊരിഞ്ഞപ്പോൾ തീയണഞ്ഞു'.

  പിറ്റേന്ന് 'വനശബ്ദം' പത്രത്തിലെ പ്രധാനവാർത്ത ഇതായിരുന്നു.

  ആ വാർത്ത എങ്ങനെയായിരിക്കും? എഴുതിനോക്കൂ.




### വായിച്ച് ആസ്വദിക്കൂ, കുറിപ്പെഴുതൂ.

പറഞ്ഞുനോക്കുക വെറുതെ, നിങ്ങൾ-
ക്കെത്ര കിളിയുടെ പാട്ടറിയാം?
എത്ര മരത്തിൻ തണലറിയാം?
എത്ര പുഴയുടെ കുളിരറിയാം?
എത്ര പഴത്തിൻ രുചിയറിയാം?
എത്ര പൂവിൻ മണമറിയാം?
അറിഞ്ഞിടുമ്പോളറിയാം നമ്മൾ-
ക്കറിയാനൊത്തിരി ബാക്കി
ഒത്തിരിയൊത്തിരി ബാക്കി.

– പി. മധുസൂദനൻ





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

| ഞാൻ ആസ്വാദനക്കുറിപ്പ് എഴുതിയപ്പോൾ<br>ഉചിതമായ കോളത്തിൽ (✓) ചെയ്യുക | | |
|---|---|---|
| | പൂർണമായും | കുറച്ചുമാത്രം |
| കവിത ഈണത്തിലും താളത്തിലും ഒന്നിലധികം തവണ ചൊല്ലി ആസ്വദിച്ചു | | |
| കവിതയുടെ ആശയം പൂർണമായും മനസ്സിലാക്കി രചനയിൽ ഉൾപ്പെടുത്തി | | |
| കവിതയുടെ ശബ്ദഭംഗി, അർഥഭംഗി എന്നിവ തിരിച്ചറിഞ്ഞു | | |
| കവിതയിലെ ആശയത്തിന് യൂണിറ്റിലുള്ള സ്ഥാനം തിരിച്ചറിഞ്ഞു | | |

## പച്ചോലകൊണ്ടൊരു പച്ചത്തത്ത


രണ്ട് ഓലകൊണ്ട് തത്തയെ ഉണ്ടാക്കാൻ ശ്രമിച്ചുനോക്കൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## എഴുതാം അഭിനയിക്കാം

- ഞാവൽക്കാട്ടിന് മനുഷ്യർ തീ വച്ചതിൽ പ്രതിഷേധിച്ച് മൃഗരാജന്റെ നേതൃത്വത്തിൽ കാട്ടിൽ യോഗം ചേർന്നു. പക്ഷികളും മൃഗങ്ങളും ഒത്തുകൂടിയ യോഗത്തിൽ ഓരോ ജീവിയും അവരവരുടെ അഭിപ്രായം പറഞ്ഞു.

  എന്തൊക്കെയാവാം അവർ പറഞ്ഞത് ?

## വിരുന്നുകാർ ആരൊക്കെ?

- നിങ്ങളുടെ പരിസരത്ത് ഇടയ്ക്കിടെ വിരുന്നു വരുന്ന പക്ഷികളില്ലേ? അവയിലൊന്നിനെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കാമോ?

## കഥ തുടരാം

- മഴയാണ് ഞാവൽക്കാടിനെ തീയിൽനിന്നു രക്ഷിച്ചത്.
  മഴ പെയ്തില്ലായിരുന്നെങ്കിലോ? കഥ തുടർന്നെഴുതി നോക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## അർഥസൂചിക

### എന്റെ പനിനീർച്ചെടി

| | | |
|---|---|---|
| അങ്കണം | - | മുറ്റം |
| അനുവാസരം | - | ദിവസംതോറും |
| അങ്കുരിക്കുക | - | മുളയ്ക്കുക |
| അംഗം | - | അവയവം |
| അനുവേലം | - | എപ്പോഴും (കൂടെക്കൂടെ) |
| അന്തരംഗം | - | മനസ്സ് |
| ഉച്ചപൈലേറ്റു | - | ഉച്ചവെയിലേറ്റു |
| ഉല്ലസിക്കുക | - | ശോഭിക്കുക |
| കണം | - | തുള്ളി |
| ജാതം | - | ജനിച്ചത്, ഉണ്ടായത് |
| തുഷാരം | - | മഞ്ഞ് |
| നാമ്പ് | - | തളിർ (കൂമ്പ്) |
| പുൽകുക | - | ആലിംഗനം ചെയ്യുക |
| പുളകം | - | രോമാഞ്ചം |
| പുലരി | - | പ്രഭാതം |
| മനം | - | മനസ്സ് |
| മന്ദഹസിക്കുക | - | പുഞ്ചിരിക്കുക |
| മോദം | - | സന്തോഷം |
| വല്ലി | - | വള്ളി |
| വിസ്മരിക്കുക | - | മറക്കുക |
| ശീതളം | - | തണുത്ത |
| ശ്യാമളം | - | കറുത്ത |
| സാഗരം | - | സമുദ്രം |
| സൗഭഗം | - | സൗന്ദര്യം |
| ഹേമന്തം | - | മഞ്ഞുകാലം (ആറു ഋതുക്കളിൽ ഒന്ന്) |
| ക്ഷുദ്രം | - | ചെറിയ, നിസ്സാരമായ |

### ഞാവൽക്കാട്

| | | |
|---|---|---|
| അപാരം | - | അതിരില്ലാത്തത് |
| ഉപായം | - | മാർഗം (വഴി) |
| ദൃഷ്ടി | - | കണ്ണ് |
| വെടിയുക | - | ഉപേക്ഷിക്കുക |





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിലൂടെ ഞാൻ നേടിയ കഴിവുകൾ
(ഉചിതമായ കോളത്തിൽ ✓ മാർക്ക് ചെയ്യുക)

| കഴിവുകൾ | പൂർണമായി | കുറച്ച് മാത്രം |
|---|---|---|
| * കവിതയിലെ ആശയം, പ്രയോഗഭംഗി എന്നിവ മനസ്സിലാക്കാൻ കഴിഞ്ഞു | | |
| * കവിതയിലെ ആശയവുമായി ബന്ധപ്പെടുത്തി വിവരണം തയാറാക്കാൻ കഴിഞ്ഞു | | |
| * കഥ വായിച്ച് ആശയം മനസ്സിലാക്കാനും പ്രധാന കഥാപാത്രങ്ങൾ, അവരുടെ പ്രത്യേകതകൾ എന്നിവ വിവരിക്കാനും കഴിഞ്ഞു | | |
| * കഥ ഉച്ചത്തിൽ വ്യക്തമായും തെറ്റു കൂടാതെയും വായിച്ചവതരിപ്പിക്കാൻ കഴിഞ്ഞു | | |
| * കഥയിലെ ആശയത്തെ പോസ്റ്റർ, പത്രവാർത്ത, അഭിനയം എന്നീ രീതികളിൽ ആവിഷ്കരിക്കാൻ കഴിഞ്ഞു | | |
| * കൂട്ടുകാരുടെ അവതരണങ്ങൾ ശ്രദ്ധിച്ച് അഭിപ്രായം പറയാൻ കഴിഞ്ഞു | | |
| * കഥ വേറൊരു രീതിയിൽ തുടർന്നെഴുതാൻ കഴിഞ്ഞു | | |
| * കവിതാഭാഗം വായിച്ച് ആസ്വാദനക്കുറിപ്പെഴുതാൻ കഴിഞ്ഞു | | |



## തുടർവായനയ്ക്കുള്ള പുസ്തകങ്ങൾ

| | | |
|---|---|---|
| മിഠായിപ്പൊതി | - | സുമംഗല |
| പഞ്ചതന്ത്രം | - | സുമംഗല |
| ജി.യുടെ കുട്ടിക്കവിതകൾ | - | ജി.ശങ്കരക്കുറുപ്പ് |
| അമ്പത് മരക്കഥകൾ | - | ജി.എസ്. ഉണ്ണിക്കൃഷ്ണൻ നായർ |
| ഈസോപ്പുകഥകൾ | - | (വിവിധ പരിഭാഷകൾ) |



## പഠനനേട്ടങ്ങൾ

- പുതിയ പദങ്ങൾ, പ്രയോഗങ്ങൾ ചൊല്ലുകൾ, ശൈലികൾ എന്നിവ ഉൾപ്പെടുത്തി സന്ദർഭാനുസരണം രചനകൾ നടത്തുന്നു, സംസാരിക്കുന്നു.
- കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലുന്നു.
- കവിതയുടെ ആസ്വാദനത്തിലൂടെ തന്റെ ചുറ്റുപാടിനോടും ജീവജാലങ്ങളോടും സ്നേഹവും ആഭിമുഖ്യവും വളർത്തുന്നു.
- പാഠഭാഗത്തുള്ള സമസ്തപദങ്ങൾ പിരിച്ചെഴുതുകയും ചേർത്തെഴുതുകയും ചെയ്യുന്നു.
- ഉചിതമായ രീതിയിൽ കഥ പൂർത്തിയാക്കുന്നു.
- ഉച്ചാരണശുദ്ധി, ഒഴുക്ക്, ആവശ്യമായ ഭാവവ്യതിയാനം എന്നിവയോടെ വായിക്കുന്നു.
- പാഠത്തിലെ ആശയത്തെ വിവരണം, ചിത്രീകരണം, പോസ്റ്റർ, വാർത്ത, അഭിനയം തുടങ്ങി വ്യത്യസ്തരീതിയിൽ അവതരിപ്പിക്കുന്നു.
- വനങ്ങൾ പ്രകൃതിയിലെ പ്രധാനപ്പെട്ട ജൈവകേന്ദ്രമാണെന്നും അത് സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നും ബോധ്യപ്പെടുന്നു. പ്രകൃതി/ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് സന്നദ്ധത പ്രകടിപ്പിക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

3

# മഹിതം



ഒരു ചെടിയും നട്ടുവളർത്തീ;-
ലോണപ്പൂവെങ്ങനെ നുള്ളാൻ?
ഒരു വയലും പൂട്ടി വിതച്ചീ;-
ലോണച്ചോറെങ്ങനെയുണ്ണാൻ?
ഒരു വാഴക്കന്നും നട്ടീ;-
ലോണപ്പഴമെങ്ങനെ തിന്നാൻ?
ഒരു കഴിനൂൽ പോലും നൂറ്റീ;-
ലോണത്തുണിയെങ്ങനെയണിയാൻ ?

ഓണം വന്നപ്പോൾ എന്തുകൊണ്ടായിരിക്കും കവി പ്രയാസപ്പെടുന്നത്? ചർച്ച ചെയ്യുക.

**എൻ. വി. കൃഷ്ണവാര്യർ**

(പഴയൊരു ഓണക്കാലത്ത് ആളുകളുടെ ഉത്കണ്ഠയാണിത്. ഇങ്ങനെ പോയകാലത്തിന്റെ മങ്ങിത്തുടങ്ങിയ എത്രയെത്ര ചിത്രങ്ങൾ!)



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# പത്തായം

*"പത്തായം പെറും ചക്കി കുത്തും*
*അമ്മ വയ്ക്കും ഉണ്ണി ഉണ്ണും"*

നമ്മുടെ നാട്ടിൽ സാർവത്രികമായി കേട്ടുവരുന്ന ഒരു ചൊല്ലാണിത്. മെയ്യനങ്ങാതെ അതായത് അല്പംപോലും അധ്വാനിക്കാതെ മൃഷ്ടാന്നം കഴിച്ച് സുഖിമാന്മാരായി ജീവിക്കുന്നവരെക്കുറിച്ചാണ് പൊതുവേ ഇങ്ങനെ പറയുന്നത്.

പഴയ കർഷകകുടുംബങ്ങളിൽ പല വലിപ്പത്തിലുള്ള പത്തായങ്ങളുണ്ടായിരുന്നു. ധാന്യങ്ങൾ, പ്രത്യേകിച്ച് നെല്ലും വിത്തും, സംഭരിച്ച് സൂക്ഷിക്കുവാനാണ് ഈ പത്തായങ്ങൾ ഉപയോഗിച്ചിരുന്നത്. വിത്തുവകകൾ മാത്രമല്ല, നമ്മുടെ പൂർവികർ അവരുടെ സമ്പാദ്യങ്ങളും സൂക്ഷിച്ചിരുന്നത് പത്തായത്തിലാണ്. വിലപിടിപ്പുള്ളതെന്തും കിഴികെട്ടിയും കുടുക്കയിലാക്കിയും പത്തായത്തിൽ സൂക്ഷിക്കുന്ന രീതിയാണുണ്ടായിരുന്നത്.

"ഇരുമുറി പത്തായത്തിൽ -
ഒരുമുറി വിത്തിന്"



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കൃഷിയുടെ പ്രാധാന്യം തന്നെയാണ് ഈ ചൊല്ലിന്റെയും സാംഗത്യം. പ്ലാവിന്റെ തടിയാണ് പത്തായം പണിയുന്നതിന് പ്രധാനമായും ഉപയോഗിച്ചിരുന്നത്. പത്തായത്തിന്റെ മുകളിൽ ത്തന്നെ പായ വിരിച്ച് കിടക്കുകയും ചെയ്യുമായിരുന്നു.

വിളവെടുപ്പിനുശേഷം നെല്ലും മറ്റു ധാന്യങ്ങളും അടുത്ത കൃഷി ക്കാലം വരെ ഭദ്രമായി സൂക്ഷിക്കുന്നതിനുള്ള സംഭരണികളാ ണിവ. നെൽക്കൃഷി നാമാവശേഷമായതോടെ പത്തായങ്ങളുടെ ആവശ്യകതയും ഇല്ലാതെയായി. വീടിനകത്തുള്ള സ്ഥലം നഷ്ടപ്പെടുത്തുന്ന ഉപയോഗമില്ലാത്ത ഒന്നായി ഇന്ന് ഇവ മാറി യിരിക്കുന്നു. വളരെക്കാലമായി യാതൊരു ഉപയോഗവുമില്ലാതെ ഇരിക്കുന്നതിനാൽ പത്തായങ്ങൾ മിക്കപ്പോഴും പാറ്റയുടെയും എലിയുടെയും മറ്റും സങ്കേതങ്ങളായി മാറിയിരിക്കുകയാവും. ഇതു പൊളിച്ചാൽ കിട്ടുന്ന തടി മറ്റാവശ്യങ്ങൾക്ക് ഉപയോഗി ക്കുകയാണ് പലരും ചെയ്യുന്നത്. വലിയ പത്തായങ്ങളും പത്തായ പ്പുരകളുമൊക്കെ ഗതകാലസമൃദ്ധിയുടെ പ്രതീകങ്ങളായിരുന്നു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പത്തായങ്ങൾ പണിയുന്നതിന് ഏറെ ചാതുര്യമുള്ള ആശാരിമാരും അക്കാലത്ത് വേണ്ടത്രയുണ്ടായിരുന്നു. മാത്രമല്ല, തടിയും സുലഭമായിരുന്നു. ഇന്നത്തെ കാലത്ത് ഒരു നല്ല പത്തായം ഉണ്ടാക്കുക എന്നതുതന്നെ ഏറെ അധ്വാനവും പണച്ചെലവുമുള്ള കാര്യമാണ്. അധികരിച്ച ജോലിക്കൂലി, തടിവില എന്നിവയെല്ലാം നോക്കുമ്പോൾ പത്തായം പണിയിക്കുവാൻ ഇന്നാരുംതന്നെ തയാറാകില്ല. മാത്രമല്ല, നെൽക്കൃഷി നാമാവശേഷമായതോടെ പത്തായത്തിന്റെ ആവശ്യകതതന്നെ ഇല്ലാതെയുമായി.

പറഞ്ഞുപതിഞ്ഞ ചൊല്ല് ഇനി നമുക്കു തിരുത്താം. പത്തായം പെറുന്നില്ല, ചക്കി കുത്തുന്നില്ല. പകരം അമ്മ വയ്ക്കുന്നതും നമ്മളുണ്ണുന്നതും ആന്ധ്രയിലെയും പഞ്ചാബിലെയും ഹരിയാനയിലെയും കൃഷിക്കാർ വിളയിച്ചെടുക്കുന്ന അരിയാകുമ്പോൾ, നമ്മുടെ പത്തായങ്ങളെന്തിന്? ഏറെ സജീവമായിരുന്ന ഒരു കാർഷികസംസ്കൃതിയുടെ തിരുശേഷിപ്പായി ചില വീടുകളിലെങ്കിലും ഇപ്പോഴും ശൂന്യമായ പത്തായങ്ങൾ കാണാം.

**ഓർമയിലെ കൃഷിക്കാഴ്ചകൾ** **മുരളീധരൻ തഴക്കര**





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### മുരളീധരൻ തഴക്കര

ആലപ്പുഴ ജില്ലയിലെ മാവേലിക്കരയ്ക്കടുത്ത് തഴക്കരയിൽ 1959 ൽ ജനിച്ചു. ആകാശവാണി തിരുവനന്തപുരം നിലയത്തിൽ കാർഷിക വിഭാഗം പ്രോഗ്രാം എക്സിക്യൂട്ടീവായി ജോലി ചെയ്യുന്നു. ഫാം ജേർണലിസ്റ്റ് എന്ന നിലയിൽ രചനാത്മക പ്രവർത്തനങ്ങൾ നടത്തുന്നു. പ്രധാനകൃതികൾ : കൃഷിയിലെ നാട്ടറിവ്, തേൻ നുകരാം പണം നേടാം, ഓർമയിലെ കൃഷിക്കാഴ്ചകൾ.

### കണ്ടെത്താം

- നമ്മുടെ പൂർവികർ പത്തായം ഉപയോഗിച്ചിരുന്നത് എന്തിനൊക്കെ വേണ്ടിയായിരുന്നു.?
- ഇന്നത്തെക്കാലത്ത് നമ്മുടെ വീടുകളിൽ പത്തായത്തിന്റെ അവസ്ഥ എന്താണ്?
- ഇന്ന് നമുക്ക് പത്തായങ്ങളെന്തിന് എന്ന് ലേഖകൻ ചോദിക്കാൻ കാരണമെന്ത്?

### അർഥം കണ്ടെത്താം

- സാർവത്രികം
- മൃഷ്ടാന്നം
- പൂർവികർ
- ഭദ്രം
- സങ്കേതം
- ഗതകാലം
- പ്രതീകം
- ചാതുര്യം
- നാമാവശേഷമാവുക
- ആവശ്യകത
- ശൂന്യം
- സജീവം
- സംസ്കൃതി
- ശേഷിപ്പ്





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### അന്വേഷിച്ചറിയാം

- ധാന്യങ്ങൾ സൂക്ഷിച്ചുപോന്ന പത്തായത്തെ പരിചയപ്പെട്ടല്ലോ. ഇതുപോലെ കൃഷിയുമായി ബന്ധപ്പെട്ട് പണ്ടുപയോഗിച്ചിരുന്ന ഉപകരണങ്ങൾ ഏതൊക്കെയായിരുന്നു? മുതിർന്നവരോട് അന്വേഷിച്ച് എഴുതൂ. അവയുടെ ഉപയോഗങ്ങളും കണ്ടെത്തൂ.

  പത്തായം - .................................. കലപ്പ - നിലം ഉഴുതുമറിക്കുന്നതിന്

  .................................. ..................................


### കൃഷിച്ചൊല്ലുകൾ

- 'പത്തായം പെറും ചക്കി കുത്തും അമ്മ വയ്ക്കും ഉണ്ണി ഉണ്ണും'

  ഇതുപോലെ കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ ശേഖരിക്കുക.

### കണ്ടുമുട്ടിയാൽ

- പലതരം കാർഷിക ഉപകരണങ്ങൾ പരിചയപ്പെട്ടുവല്ലോ. നിലമുഴുതിരുന്ന കലപ്പയും വെള്ളം കോരിയിരുന്ന തേക്കുകൊട്ടയും കണ്ടുമുട്ടിയാൽ എന്തൊക്കെ സംസാരിക്കും?



### അന്വേഷിച്ചറിയാം

- ആന്ധ്രയിൽനിന്നും പഞ്ചാബിൽനിന്നും ഹരിയാനയിൽനിന്നുമാണ് നമുക്കാവശ്യമായ അരി വരുന്നതെന്നു വായിച്ചറിഞ്ഞല്ലോ?

ഇതുപോലെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് എന്തൊക്കെ നിത്യോപയോഗ സാധനങ്ങളാണ് വരുന്നത്? അന്വേഷിച്ചറിയൂ. എഴുതിനോക്കൂ.

### ആത്മകഥ

- 'ഉണ്ണീ നീയുറങ്ങിയോ? എനിക്ക് നിന്നോട് ചിലതൊക്കെ പറയാനുണ്ട്'.

  രാത്രി പത്തായത്തിനു മുകളിൽ പായ വിരിച്ചു കിടന്ന ഉണ്ണിയോട് പത്തായം പതുക്കെ സ്വന്തം കഥ പറഞ്ഞുതുടങ്ങി.

എന്തൊക്കെയായിരിക്കാം പത്തായം പറഞ്ഞിട്ടുണ്ടാവുക?





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഓമനയുടെ ഓണം

മഞ്ഞക്കോടിയുമായെന്നച്ഛൻ
പൊന്നോണത്തിനു വരുമല്ലോ!
കരിമുകിൽ മൂടിയ വിണ്ണിൽ വെളിച്ചം
കാവടി തുള്ളിയണഞ്ഞല്ലോ.

മുറ്റം ചെത്തി വെടിപ്പാക്കേണം
പുത്തൻ പൂക്കളമെഴുതേണം
ഓണത്തപ്പനെ ഒത്ത നടുക്കായ്
ചാണം മെഴുകിയിരുത്തേണം

മഞ്ഞപ്പുടവയുടുക്കുമ്പോഴെൻ
ഭംഗി പറഞ്ഞാൽ തീരില്ലാ.
തങ്കച്ചിറകു വിരുത്തിവരും ചെറു-
തുമ്പിക്കിത്രയുമഴകില്ലാ.

മുത്തുക്കുട പൊന്നാണെന്നാലും
മുക്കുറ്റിക്കീ ഗമയില്ലാ
കോളാമ്പിപ്പൂ ചാർത്തിടുമോണ-
ക്കോടിയുമിതിനൊടു പറ്റില്ലാ

മടിയിലിരുത്തി, ക്കുഞ്ഞിക്കൈകളി-
ലുരുളയുരുട്ടിത്തരുമച്ഛൻ!
കായ വറുത്തതു ഭരണിയിലാക്കി-
ക്കലവറയിൽ വച്ചമ്മൂമ്മ

ഓണസ്സദ്യയതോർക്കുന്നേരം
നാവിൽ കൊതിയുടെ പെരുവെള്ളം!
മാമൻ കെട്ടിത്തരുമല്ലോ കിളി
മാവിൻകൊമ്പിൽ പൊന്നൂഞ്ഞാൽ.







Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പഠിച്ച പാട്ടുകളെല്ലാമപ്പോൾ
പാടാനോർമയിൽ വെക്കേണം.
തൊട്ടാവാടിത്തൊടിയിൽ കിളിയാ-
ന്തട്ടുകളിച്ചു തകർക്കേണം.

ശർക്കരമാവിൻ ചോട്ടിലൊരോമൽ-
പ്പച്ചിലമെത്ത വിരിക്കേണം
മെത്തയിലങ്ങനെ ചാഞ്ഞു കിടന്നൊരു
മുത്തശ്ശിക്കഥ കേൾക്കേണം.

**ഏറ്റുമാനൂർ സോമദാസന്റെ കവിതകൾ** **ഏറ്റുമാനൂർ സോമദാസൻ**



### ഏറ്റുമാനൂർ സോമദാസൻ

1936 മെയ് 16 ന് കോട്ടയം ജില്ലയിലെ ഏറ്റുമാനൂരിൽ ജനിച്ചു. അധ്യാപകനായിരുന്നു. ഏഴരപ്പൊന്നാന, കർക്കിടകം, ഇലപൊഴിയും കാലം, രാമരാജ്യം (കവിതകൾ), കാക്കയും ഉറുമ്പും (കഥകൾ) എന്നിവയാണ് പ്രധാനകൃതികൾ. 2011 ൽ അന്തരിച്ചു.

## കണ്ടെത്താം

- ഓണം വന്നാൽ എന്തൊക്കെ ചെയ്യുവാനാണ് ഓമന ഉദ്ദേശിക്കുന്നത്?
- ഓണക്കോടിയുടുത്താൽ താൻ എത്രത്തോളം ഭംഗിയുള്ളവളാകുമെന്നാണ് ഓമന കരുതുന്നത്?
- അച്ഛനും മാമനും ഓമനയോടുള്ള സ്നേഹം എങ്ങനെയെല്ലാമാണ് പ്രകടിപ്പിക്കുന്നത്?

## പറയാം എഴുതാം

- ഓണസ്സദ്യയതോർക്കുന്നേരം
  നാവിൽ കൊതിയുടെ പെരുവെള്ളം

  നാവിൽ കൊതിയുടെ പെരുവെള്ളം ഉണ്ടാക്കുന്ന ഓണവിഭവങ്ങൾ എന്തൊക്കെയാവാം?





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### പദങ്ങൾ, പദങ്ങൾ

- ഓണം ചേർന്നുവരുന്ന പദങ്ങൾ കണ്ടെത്തി എഴുതാം
  ഓണക്കോടി, ഓണസ്സദ്യ, ......................,
  ............................, ............................, ............................

### പാടി രസിക്കാം

- പഠിച്ചപാട്ടുകളെല്ലാമപ്പോൾ
  പാടാനോർമയിൽ വെക്കേണം,

ഏതൊക്കെ ഓണപ്പാട്ടുകൾ നിങ്ങളുടെ ഓർമയിലുണ്ട്?

കൂടുതൽ പാട്ടുകൾ ശേഖരിക്കാം,
എന്റെ കവിതാപുസ്തകത്തിൽ ചേർക്കാം.

### കളി കണ്ടെത്താം

- തൊട്ടാവാടിത്തൊടിയിൽ കിളിയാ-
  ത്തട്ടു കളിച്ചു തകർക്കേണം

കിളിത്തട്ട് പഴയൊരു കളിയാണ്, ഇതുപോലെയുള്ള മറ്റേതെല്ലാം നാടൻകളികൾ നിങ്ങൾക്കറിയാം? എഴുതിനോക്കൂ.

### കഥ പറയാം

- മെത്തയിലങ്ങനെ ചാഞ്ഞുകിടന്നൊരു
  മുത്തശ്ശിക്കഥ കേൾക്കേണം

  നിങ്ങൾക്കറിയാവുന്ന ഒരു മുത്തശ്ശിക്കഥ കഥയരങ്ങിൽ പറയാനായി തയാറാക്കൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഈണത്തിൽ ചൊല്ലി രസിക്കാം

ഓരോരോ രാവും കുളുർമയേന്തും
ഓണനിലാവിനാലോളംതല്ലും!
അത്തമടുത്തുപോയ് ബാലകന്മാർ
അത്തലെന്നുള്ളതറിയാതായീ
മെത്തിനകൗതുകാൽ കൂട്ടരുമാ
യെത്തുന്നു പൂങ്കാവിൽ പൂവറുക്കാൻ.
ഓമനക്കുഞ്ഞുങ്ങളൊത്തുകൂടി
ഓണപ്പാട്ടോരോന്നുപാടിപ്പാടി
തൂമലർതേടി നടക്കുന്നേരം
കോൾമയിർ ഭൂവിന്നും കൊള്ളും പാരം

ഇടപ്പള്ളി രാഘവൻപിള്ള

ചിന്നും വെൺമുകിൽ കേസരം പോലെ
മിന്നും ചിങ്ങത്തെക്കാണുവാൻ മേലെ
പൊന്നിൻ കുത്തുവിളക്കുമായ് വന്നു
മുന്നിൽ മുക്കുറ്റി ചാലെ നിരന്നു.

ജി.ശങ്കരക്കുറുപ്പ്

പൊന്നിൻ കതിർക്കുലയേന്തി മെല്ലെ
വന്നുപോയ് വന്നുപോയ് ചിങ്ങമാസം
കണ്ണിണയ്ക്കാനന്ദവെണ്ണ നൽകി
വന്നുപോയ് വന്നുപോയ് ചിങ്ങമാസം

പി. കുഞ്ഞിരാമൻനായർ

ഞങ്ങൾ മറന്നുപോയ് പാടുവാൻ തേനൂറു-
മന്നത്തെയോണപ്പുതുമലർപ്പാട്ടുകൾ
എന്നേ മറന്നുപോയ് പൂക്കളം തീർക്കുവാൻ
എന്നേ മറന്നുപോയ് നിൻമുഖമോമനേ.

സുഗതകുമാരി





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

| ഞാൻ കഥ പറഞ്ഞപ്പോൾ ✓ | | |
|---|---|---|
| | പൂർണമായും | കുറച്ചുമാത്രം |
| കഥയുടെ ആശയം കേൾക്കുന്നവർക്ക് മനസ്സിലാക്കാവുന്ന രീതിയിൽ വ്യക്തമായി പറഞ്ഞു | | |
| കഥാപാത്രങ്ങളുടെ പ്രത്യേകതകൾ വ്യക്തമാകുന്ന രീതിയിൽ പറഞ്ഞു | | |
| ആവശ്യമായ ഭാവം, ശബ്ദക്രമീകരണം എന്നിവ പാലിച്ചുകൊണ്ട് പറഞ്ഞു | | |
| ഉച്ചാരണശുദ്ധിയോടെയും ഒഴുക്കോടെയും പറഞ്ഞു | | |

## പതിപ്പ് തയാറാക്കാം

- ഓണപ്പതിപ്പ് നിർമിച്ചാലോ? എന്തൊക്കെ ഉൾപ്പെടുത്താം?

  ചൊല്ലുകൾ, കവിതകൾ, കഥകൾ, കളികൾ, ഐതിഹ്യങ്ങൾ, ചിത്രങ്ങൾ...

  കൂട്ടുകാരുമായി ചേർന്ന് ഓണപ്പതിപ്പ് തയാറാക്കൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## അർഥസൂചിക

### പത്തായം

| | | |
|---|---|---|
| ആവശ്യകത | - | വേണമെന്ന സ്ഥിതി |
| ഗതകാലം | - | കഴിഞ്ഞ കാലം |
| ചാതുര്യം | - | സാമർഥ്യം |
| ദൃഷ്ടാന്തം | - | ഉദാഹരണം |
| നാമാവശേഷമാവുക | - | ഇല്ലാതാവുക |
| പൂർവികർ | - | പണ്ടുള്ളവർ |
| പ്രതീകം | - | സൂചകം |
| ഭദ്രം | - | സുരക്ഷിതം (കരുതൽ) |
| മൃഷ്ടാന്നം | - | വയറുനിറയെയുള്ള ഭക്ഷണം |
| ശൂന്യം | - | ഒഴിഞ്ഞ സ്ഥലം (ഇല്ലായ്മ) |
| ശേഷിപ്പ് | - | ശിഷ്ടം (ബാക്കി) |
| സജീവം | - | ഓജസ്സുള്ള |
| സങ്കേതം | - | രക്ഷാസ്ഥലം |
| സാർവത്രികം | - | സർവസാധാരണമായ |
| സംസ്കൃതി | - | സംസ്കാരം |

### ഓമനയുടെ ഓണം

| | | |
|---|---|---|
| മുകിൽ | - | മേഘം |
| കരിമുകിൽ | - | കറുത്ത മേഘം |
| വിണ്ണ് | - | ആകാശം |
| വിരുത്തി | - | വിടർത്തി |
| വെടിപ്പാക്കുക | - | വൃത്തിയാക്കുക |





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഞാൻ എന്നെക്കുറിച്ച്

ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിലൂടെ ഞാൻ നേടിയ കഴിവുകൾ (ഉചിതമായ കോളത്തിൽ ✓ മാർക്ക് ചെയ്യുക)

| | കഴിവുകൾ | പൂർണമായി | കുറച്ച് മാത്രം |
|---|---|---|---|
| * | കൃഷിയുമായി ബന്ധപ്പെട്ട് മുമ്പുണ്ടായിരുന്ന ഉപകരണങ്ങൾ, അവയുടെ ഉപയോഗം എന്നിവ മനസ്സിലാക്കാൻ കഴിഞ്ഞു | | |
| * | കൃഷിയുമായി ബന്ധപ്പെട്ട ചൊല്ലുകൾ ശേഖരിക്കാനും അവയുടെ ആശയം മനസ്സിലാക്കാനും കഴിഞ്ഞു | | |
| * | പത്തായത്തിന്റെ ആത്മകഥ, തേക്കുകൊട്ടയും കലപ്പയും തമ്മിലുള്ള സംഭാഷണം എന്നിവ ഭാവനാത്മകമായി എഴുതി തയാറാക്കാൻ കഴിഞ്ഞു | | |
| * | കവിത ചൊല്ലി ആസ്വദിക്കാനും ആശയം മനസ്സിലാക്കാനും കഴിഞ്ഞു | | |
| * | ഓണവുമായി ബന്ധപ്പെട്ട പാട്ടുകൾ, കവിതകൾ, ചൊല്ലുകൾ തുടങ്ങിയവ ചേർത്ത് പതിപ്പ് തയാറാക്കാൻ കഴിഞ്ഞു. | | |



### തുടർവായനയ്ക്കുള്ള പുസ്തകങ്ങൾ

ഓണപ്പാട്ടുകാർ (ഓണക്കവിതകൾ) - സമാഹാരം
കൃഷിയിലെ നാട്ടറിവുകൾ - മുരളീധരൻ തഴക്കര
പി യുടെ ഓണക്കവിതകൾ - പി. കുഞ്ഞിരാമൻനായർ



### പഠനനേട്ടങ്ങൾ

- ഓണവുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ, കഥകൾ, കവിതകൾ എന്നിവ ആസ്വദിച്ച് അവതരിപ്പിക്കുന്നു.
- കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു.
- ഭക്ഷണം, കൃഷി, വീട്ടുപകരണങ്ങൾ, ശീലങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ പഴമകൾ കുറിപ്പുകൾ, ചർച്ചകൾ എന്നിവയിലൂടെ അവതരിപ്പിക്കുന്നു.
- ശേഖരിച്ച വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി കുറിപ്പ് തയാറാക്കുന്നു.
- ഓണവുമായി ബന്ധപ്പെട്ട കൂടുതൽ പദങ്ങൾ കണ്ടെത്തി സന്ദർഭോചിതമായി പ്രയോഗിക്കുന്നു.
- ഓണവുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ, ചിത്രങ്ങൾ തുടങ്ങിയവ ശേഖരിച്ച് ഓണപ്പതിപ്പ് തയാറാക്കുന്നു.
- ഓണവുമായി ബന്ധപ്പെട്ട ആചാരങ്ങളുടെയും അനുഭവങ്ങളുടെയും വിശ്വാസങ്ങളുടെയും മഹത്ത്വം തിരിച്ചറിഞ്ഞ് അഭിമാനിക്കുന്നു. അവ സംരക്ഷിക്കാനുള്ള മനോഭാവം വളർത്തുന്നു.
- പഴയകാല കാർഷികസംസ്കൃതിയുടെ ചരിത്രവും വർത്തമാനവും തിരിച്ചറിഞ്ഞ് രചനകൾ നിർവഹിക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# 4

# രസിതം





പച്ച കണ്ടു
പച്ച കൊത്തി
പൊന്നു കണ്ടു
പൊന്നു കൊത്തി
വെള്ളി കണ്ടു
വെള്ളി കൊത്തി
വെള്ളം കണ്ടു

ഈ കടങ്കഥ വായിച്ചല്ലോ.

ഉത്തരം കിട്ടിയോ?

കടങ്കഥപ്പയറ്റുപോലെ മറ്റെന്തെല്ലാം കളികൾ!

ഇത്തരം വിനോദങ്ങൾ നാം ഇഷ്ടപ്പെടാൻ എന്താണ് കാരണം?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# നെഹ്റുട്രോഫി വള്ളംകളി

ആ കാത്തിരിപ്പ് ആരംഭിച്ചിട്ടു മണിക്കൂറുകൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ആരും അക്ഷമരായിട്ടില്ല. മണി ഒന്നേമുക്കാലാകാൻ അഞ്ചു മിനുട്ടുകൂടിയുണ്ട്. അപ്പോൾ അങ്ങകലെ ഒരു ബോട്ടു പ്രത്യക്ഷപ്പെട്ടു.

അതാ...അതാ..........വരുന്നുണ്ട്......ഓ.........എത്തിപ്പോയി......

അകലെ കണ്ണു നട്ടുകൊണ്ട് ജനക്കൂട്ടം വിരൽ ചൂണ്ടി. 'ഡൊറോത്തി' എന്നു പേരായ ജലനൗക തരംഗപരമ്പരകളിളക്കിവരുന്നതു കാണാറായി. ആ ബോട്ടിന് ഒരു അരയന്നപ്പിടയുടെ ചന്തമുണ്ടായിരുന്നു. ബോട്ട് മണ്ഡപത്തോട് അടുക്കാറായി. അപ്പോഴേക്കും ആഹ്ലാദാരവങ്ങൾകൊണ്ട് അന്തരീക്ഷം മുഖരിതമായിക്കഴിഞ്ഞു. നിമിഷങ്ങൾകൊണ്ട് 'ഡൊറോത്തി' മണ്ഡപത്തിനു സമീപമെത്തി.

വിശിഷ്ടാതിഥി പുറത്തിറങ്ങി. ചൂടിദാർ പൈജാമയും കുർത്തയും ഗാന്ധിത്തൊപ്പിയും പത്താൻ ഷൂസും ആയിരുന്നു അദ്ദേഹത്തിന്റെ വേഷം. അതിഥി മണ്ഡപത്തിലേക്കു കയറിയപ്പോൾ ജനങ്ങൾ ജയഘോഷം മുഴക്കി.

"പണ്ഡിറ്റ്ജി കീ ജയ്......."

അനേകായിരങ്ങളുടെ ആർപ്പുവിളികൾ ഉയർന്നു. ആ നവഭാരതശില്പി കൈ ഉയർത്തി അഭിവാദനങ്ങൾ സ്വീകരിച്ചു. അപ്പോൾ അറുപത്തിമൂന്നു കതിനാവെടികൾ പൊട്ടി. അറുപത്തിമൂന്ന് എന്ന സംഖ്യ ആ മഹാന്റെ വയസ്സിനെ അനുസ്മരിപ്പിച്ചു. സ്വതസ്സിദ്ധമായ പുഞ്ചിരി



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



യോടെ നെഹ്റു മണ്ഡപത്തിൽ ഉപവിഷ്ടനായി.

അധികം താമസിച്ചില്ല, അത്യുച്ചത്തിൽ ഒരു വെടി പൊട്ടി. എട്ടു ചുണ്ടൻ വള്ളങ്ങൾ ഇടിമിന്നൽ മാതിരി ചീറിപ്പാഞ്ഞു. അവ ഒരു മൈൽ ദൂരെ സമരസജ്ജമായി നില്ക്കുകയായിരുന്നു.

അഭൂതപൂർവമായ ആ കാഴ്ച നെഹ്റു ദൂരദർശിനിയിലൂടെ നോക്കിക്കണ്ടു. അടക്കാനാവാത്ത ആഹ്ലാദംകൊണ്ട് ഒരു കൊച്ചുകുട്ടിയെപ്പോലെ അദ്ദേഹം തുള്ളിച്ചാടി. നടുഭാഗം, നെപ്പോളിയൻ, ചമ്പക്കുളം, കാവാലം, പാർഥസാരഥി, നേതാജി, വലിയ ദിവാൻജി, മാമ്പിഴക്കരി എന്നീ ചുണ്ടൻ വള്ളങ്ങളാണ് മത്സരിച്ചു മുന്നേറിക്കൊണ്ടിരിക്കുന്നത്. അവ പ്രകടിപ്പിച്ച വാശിയും ആവേശവും നെഹ്റുവിനെ വികാരഭരിതനാക്കി.

കളിയോടങ്ങൾ മണ്ഡപത്തോട് അടുക്കാറായപ്പോഴേക്കും ആവേശം വർദ്ധിച്ചു. അപ്പോൾ അടുത്തുകിട്ടിയ ഒരു കസേരയിൽ ചാടിക്കയറാൻ പോലും അദ്ദേഹം മടിച്ചില്ല.

അപ്പോഴേക്കും ചുണ്ടൻ വള്ളങ്ങൾ ലക്ഷ്യസ്ഥാനത്തെ സമീപിക്കാറായിക്കഴിഞ്ഞിരുന്നു. ആ തുല്യശക്തികൾ മിന്നൽവേഗത്തിൽ ഇരമ്പിക്കുതിച്ചാണ് വന്നത്. ആ വരവു കണ്ട് പണ്ഡിറ്റ്ജി രോമാഞ്ചത്തോടെ തുള്ളിച്ചാടി. തുഴക്കാരുടെ ആയത്തിനൊപ്പിച്ച് അദ്ദേഹവും താളം ചവിട്ടി. കായലോരം ഹർഷാരവത്തിൽ മുങ്ങി. അവിടം വള്ളപ്പാട്ടിന്റെ താളമേളങ്ങളിൽ അലിഞ്ഞുചേർന്നു. ഒന്നാമത്തെ ട്രാക്കിലൂടെ ഒരു പടക്കുതിരയെപ്പോലെ പറന്നുവന്നത് നടുഭാഗം ചുണ്ടനായിരുന്നു. ആ ജലരാജൻ വിജയക്കൊടി വാങ്ങി വള്ളത്തിൽ നാട്ടി.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നടുഭാഗത്തിന്റെ ക്യാപ്റ്റൻ പണ്ഡിറ്റ്ജിയുടെ വക സമ്മാനം ഏറ്റുവാങ്ങി. ഒരു ചുണ്ടൻ വള്ളത്തിന്റെ ആകൃതിയിലുള്ളതായിരുന്നു ആ ട്രോഫി.

അനന്തരം ചുണ്ടൻ വള്ളങ്ങളെല്ലാം നെഹ്റുവിന്റെ മുൻപിൽ അണിനിരന്നു. എന്നിട്ട് അവ ആഹ്ലാദപ്രകടനം നടത്തി. ആ രംഗം അദ്ദേഹത്തെ അത്യന്തം രസിപ്പിച്ചു. ഒരു ചുണ്ടൻ വള്ളത്തിൽ കയറാനും നെഹ്റു ആഗ്രഹിക്കാതിരുന്നില്ല. ആ സമയം നടുഭാഗം ചുണ്ടൻ മണ്ഡപത്തെ സമീപിക്കുന്നത് അദ്ദേഹം കണ്ടു. വിജയലഹരിയിൽ പുളകമണിഞ്ഞാണ് നടുഭാഗം നിന്നിരുന്നത്. ആ സൗന്ദര്യാരാധകൻ അതിൽ ചാടിക്കയറാൻ ആഞ്ഞടുത്തു. അദ്ദേഹത്തെ തടയാൻ ആരും ധൈര്യപ്പെട്ടില്ല. എല്ലാ മുഖങ്ങളിലും ഉത്ക്കണ്ഠ നിഴലിച്ചു. ഒരു നിമിഷം. പിന്നെ താമസിച്ചില്ല. പണ്ഡിറ്റ്ജി നടുഭാഗം ചുണ്ടനിൽ ചാടിക്കയറി.

ഇന്ത്യയുടെ പ്രധാനമന്ത്രിയെയും വഹിച്ചുകൊണ്ട് നടുഭാഗം ചുണ്ടൻ മുന്നോട്ടാഞ്ഞു. അദ്ദേഹം പുന്നമടക്കായലിലൂടെ ഒരു ഉല്ലാസയാത്ര നടത്തി. മറ്റു ചുണ്ടൻ വള്ളങ്ങളും നിരവധി ബോട്ടുകളും ആ യാത്രയ്ക്ക് അകമ്പടി സേവിച്ചു. അപ്പോൾ ആർപ്പുവിളികളും ആരവങ്ങളും കൊട്ടും പാട്ടും എല്ലാം മുഴങ്ങി. അതുകേട്ട് പുന്നമടക്കായലിലെ കൊച്ചോളങ്ങൾപോലും പുളകച്ചാർത്തണിഞ്ഞു. കുട്ടനാട്ടുകാർ നെഹ്റുവിനു നൽകിയ ആ വരവേല്പ് ഒരു ജലമേളയ്ക്കു നാന്ദി കുറിച്ചു. അതാണ് ആവേശോജ്ജ്വലമായ നെഹ്റുട്രോഫി വള്ളംകളി.

**തെയ്തെയ്** **ജോൺ കുന്നപ്പള്ളി**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### ജോൺ കുന്നപ്പള്ളി

1939 ജനുവരി 12 ന് കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിൽ ജനിച്ചു. പത്രപ്രവർത്തകനായിരുന്നു. പ്രധാനകൃതികൾ: മിസ് സെലിൻ, അവിവാഹിത, ബെന്നി (കഥകൾ), വൈദ്യ, പുതിയ പുലരി (ബാലസാഹിത്യം). 1973 ൽ കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

## പറയാം എഴുതാം

- ഏതൊക്കെ ചുണ്ടൻ വള്ളങ്ങളാണ് ഈ വള്ളംകളിയിൽ പങ്കെടുത്തത്?
- വള്ളംകളി കണ്ടപ്പോഴുണ്ടായ സന്തോഷം നെഹ്റു എങ്ങനെയാണ് പ്രകടിപ്പിച്ചത്?
- പണ്ഡിറ്റ്ജി എത്തുമ്പോൾ അറുപത്തിമൂന്ന് കതിനാവെടികൾ പൊട്ടിച്ചത് എന്തിനെ സൂചിപ്പിക്കാനായിരുന്നു?
- 'പുന്നമടക്കായലിലെ കൊച്ചോളങ്ങൾ പോലും പുളകച്ചാർത്തണിഞ്ഞു', എപ്പോൾ?

## ചേർത്തെഴുതാം

- നവഭാരതശില്പിയെന്ന് ജവഹർലാൽ നെഹ്റുവിനെ വിശേഷിപ്പിച്ചത് കണ്ടുവല്ലോ? താഴെ കൊടുത്ത പട്ടിക നോക്കി ചേരുംപടി ചേർത്തെഴുതാമോ?

| | |
|---|---|
| ഇന്ത്യയുടെ വാനമ്പാടി | പഴശ്ശിരാജ |
| ഇന്ത്യയുടെ പൂങ്കുയിൽ | ഫ്ളോറൻസ് നൈറ്റിംഗേൽ |
| ഏഷ്യയുടെ പ്രകാശം | ലതാ മങ്കേഷ്കർ |
| വിളക്കേന്തിയ വനിത | സരോജിനി നായിഡു |
| കേരളസിംഹം | ശ്രീബുദ്ധൻ |

## തത്സമയ വിവരണം

- വള്ളംകളിയുടെ തത്സമയ വിവരണം വായിച്ചുവല്ലോ. ഇതുപോലെ സ്കൂളിൽ നിങ്ങൾ സംഘമായി കളിക്കുന്ന ഏതെങ്കിലും കളിയുടെ തത്സമയ വിവരണം തയാറാക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### ചേർത്തെഴുതാം

എത്തി + പോയി - എത്തിപ്പോയി

- ഇതുപോലെ താഴെ കൊടുത്തവ ചേർത്തെഴുതുക

ചാടി + കയറി -

തുള്ളി + ചാടി -

നോക്കി + കണ്ടു -

ചീറി + പാഞ്ഞു -

### പദങ്ങൾ കണ്ടെത്താം

ചീറിപ്പായുക - വേഗത്തിൽപ്പോവുക

- ഇതുപോലെ വേഗത്തെ സൂചിപ്പിക്കുന്ന മറ്റു പദങ്ങൾ പാഠത്തിൽനിന്നു കണ്ടെത്തി എഴുതു.

### പാടി രസിക്കാം

പറഞ്ഞതങ്ങനെത്തന്നെ, പാതിരാവായല്ലോ പത്നി,
കുറഞ്ഞൊന്നുറങ്ങട്ടെ ഞാ, നുലകീരേഴും
നിറഞ്ഞ കൃഷ്ണനെക്കാണ്മാൻ പുലർകാലേ പുറപ്പെടാം
അറിഞ്ഞു വല്ലതും കൂടെത്തന്നയയ്ക്കേണം.

രാമപുരത്തുവാര്യർ

### അർഥം കണ്ടെത്താം

അക്ഷമരാവുക

അഭൂതപൂർവം

ജലനൗക


ഹർഷം

തരംഗം

ആരവം

അത്യന്തം

നാന്ദി കുറിക്കുക





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പാടി അഭിനയിക്കാം

- പാട്ടുപാടി വള്ളം തുഴയുന്ന രംഗം സംഘമായി അഭിനയിക്കാം



'കുട്ടനാടൻ പുഞ്ചയിലെ
തിത്തൈ തക തെയ്തെയ് തോം
കൊച്ചുപെണ്ണേ കുയിലാളേ
തിത്തൈ തക തെയ്തെയ് തോം
കൊട്ടു വേണം കുഴൽ വേണം കുരവ വേണം.
ഓ തിത്തിത്താര തിത്തിത്താര
തിത്തൈ തക തെയ്തെയ് തോം'.

## സംഘം ചേർന്നുള്ള കളികൾ

- വള്ളംകളിയിലെ സംഘബോധം കണ്ടുവല്ലോ? ഇതുപോലെ നിങ്ങൾ സംഘമായി കളിക്കുന്ന ഏതെല്ലാം കളികളുണ്ട്? ഓർത്തുനോക്കൂ. എഴുതൂ.



## വാക്യം നിർമിക്കാം

നാന്ദി കുറിക്കുക

- ആ വരവേല്പ് ഒരു ജലമേളയ്ക്കു നാന്ദി കുറിച്ചു.
- ഉത്സവത്തിന് നാന്ദി കുറിച്ചുകൊണ്ട് കൊടിയേറ്റം നടന്നു.

ഇതുപോലെ താഴെ കൊടുത്ത വാക്കുകൾ ഉപയോഗിച്ച് വാക്യം നിർമിക്കൂ.

- അക്ഷമരാവുക

  ..........................................................................

- ലക്ഷ്യസ്ഥാനം

  ..........................................................................



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ആരു പഠിപ്പിക്കും?

ഏതാനും പണ്ഡിതർ എന്തോ കാര്യമായി ചർച്ചചെയ്യുന്നത് ശ്രദ്ധിച്ചു നില്ക്കുകയായിരുന്നു അക്ബർ ചക്രവർത്തി. ബീർബലിനോടായി ചക്രവർത്തി പറഞ്ഞു:

"ബീർബൽ, എനിക്കു വേണ്ടത്ര പാണ്ഡിത്യമില്ല. എനിക്കറിഞ്ഞുകൂടാത്തതായി ഒരുപാട് കാര്യങ്ങളുണ്ട്. എനിക്ക് എല്ലാം പഠിക്കണം. നാളെ മുതൽ പഠനം തുടങ്ങാനുള്ള ഏർപ്പാടുകൾ ചെയ്യുക."

അടുത്ത പ്രഭാതത്തിൽ ദർബാർ ഹാളിലെത്തിയ ചക്രവർത്തി ആ കാഴ്ചകണ്ട് അമ്പരന്നുപോയി. എല്ലാത്തരം ആൾക്കാരെയും കൊണ്ട് ഹാൾ നിറഞ്ഞിരിക്കുന്നു! അവിടെ കുട്ടികളും വൃദ്ധരുമുണ്ട്. വീട്ടമ്മമാരും അലക്കുകാരികളുമുണ്ട്. കൃഷിക്കാരുണ്ട്, ആക്രിക്കാരുണ്ട്, കാലിമേയ്ക്കുന്നവരുണ്ട്, കച്ചവടക്കാരുണ്ട്, ഗുമസ്തന്മാരുണ്ട്, ആധാരമെഴുത്തുകാരുണ്ട്, സാധാരണക്കാരുണ്ട്, സന്ന്യാസിമാരുണ്ട്. കൂടാതെ മറ്റനേകം പേർ വേറെയുമുണ്ട്.


"എന്താണിതിന്റെയൊക്കെയർഥം?" ചക്രവർത്തി ഗർജിച്ചു: 'ഞാൻ താങ്കളോടു പറഞ്ഞത് എന്നെ പഠിപ്പിക്കാനുള്ള ആളെ കൊണ്ടുവരാനാണ്. അതിനു രാജ്യത്തെ പകുതിയോളം ജനങ്ങളെക്കൊണ്ട് നിങ്ങൾ കൊട്ടാരം നിറച്ചിരിക്കുന്നു. എന്തിനാണിത്?"

"ചക്രവർത്തീ, ക്ഷമിച്ചാലും. ഞാൻ അങ്ങയുടെ ഉത്തരവു പാലിക്കുക മാത്രമാണ് ചെയ്തത്". ബീർബൽ പറഞ്ഞു. തുടർന്ന് ചോദിച്ചു: "മണിക്കൂറുകളോളം മണ്ണിൽ കളിച്ചു രസിക്കാൻ അങ്ങയ്ക്കറിയാമോ?"



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"ഇല്ല! അതും ഇതുമായി എന്തു ബന്ധം?"

ചക്രവർത്തി കോപത്തോടെ ചോദിച്ചു.

"തുച്ഛമായ വരുമാനത്തിൽ ഒരു വീട് നടത്തിക്കൊണ്ടുപോകാൻ അങ്ങേയ്ക്ക് അറിയാമോ? അതുമല്ലെങ്കിൽ വസ്ത്രങ്ങളിലെ കറ കളയാൻ?"

"തീർച്ചയായും ഇല്ല." അക്ബർ പറഞ്ഞു.

"ഓരോ വിളയും എപ്പോഴാണ് നടേണ്ടതെന്നും നനയ്ക്കേണ്ടതെന്നും അങ്ങേയ്ക്കറിയാമോ? പാഴ്വസ്തുക്കളിൽനിന്ന് പ്രയോജനമുള്ളത് തിരഞ്ഞെടുക്കാൻ അങ്ങേയ്ക്കറിയാമോ? പച്ചപ്പുൽമേടുകൾ എവിടെയാണെന്ന് അറിയാമോ? നമ്മുടെ ഉത്പന്നങ്ങൾ എവിടെയാണ് നല്ല വിലയ്ക്ക് വില്ക്കാനാകുക എന്നറിയാമോ? അതുമല്ലെങ്കിൽ കൈയെഴുത്ത് ഒരു ചിത്രംപോലെ മനോഹരമാക്കുന്നത് എങ്ങനെയെന്ന്?"

"ഇല്ല, ഇല്ല, ഇല്ല. ആയിരം വട്ടം ഇല്ല !"കോപം കൊണ്ട് ചുവന്നുതുടുത്ത ചക്രവർത്തി ആക്രോശിച്ചു.

"അപ്പോൾ തിരുമനസ്സേ" ബീർബൽ ശാന്തനായി പറഞ്ഞു:

"ഈ ഹാളിലുള്ള ഓരോരുത്തർക്കും അങ്ങയെ എന്തെങ്കിലുമൊക്കെ പഠിപ്പിക്കാനുണ്ട്. ഓരോരുത്തർക്കും മറ്റുള്ളവർക്കാർക്കും അറിഞ്ഞുകൂടാത്ത



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ചിലതറിയാം. ഓരോരുത്തർക്കും എന്തെങ്കിലും കഴിവുണ്ട്. കുറച്ച് അറിവുണ്ട്. ചില പ്രത്യേക വാസനകളുണ്ട്. അതുകൊണ്ട് എല്ലാവർക്കും അധ്യാപകരാകാനാകും. അതുപോലെ എല്ലാവർക്കും വിദ്യാർഥികളാകാനും കഴിയും!"

ബീർബൽ അർഥമാക്കിയത് എന്താണെന്ന് ഇപ്പോൾ ചക്രവർത്തിക്കു മനസ്സിലായി. അദ്ദേഹം താടി തടവി ഒന്നു ചിരിച്ചു: "അപ്പോൾ താങ്കളും ഒരു വിദ്യാർഥിയാണ് അല്ലേ, ബീർബൽ? ഞാൻ കരുതിയത് താങ്കളെ ആർക്കും ഒന്നും പഠിപ്പിക്കാനില്ല എന്നാണ്."

"മറിച്ചാണ് തിരുമനസ്സേ, ഞാൻ എപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണ്." ബീർബൽ പറഞ്ഞു.

ആൾക്കൂട്ടത്തിനു നേരെ നടന്നുചെന്ന് ബീർബൽ ഒരു വൃദ്ധയുടെ കൈ പിടിച്ചു. അദ്ദേഹം വൃദ്ധയെ ചക്രവർത്തിയുടെ അടുത്തേക്കു നയിച്ചു.

"മഹാനായ ചക്രവർത്തീ, ഇവർ എന്റെ ആദ്യകാല അധ്യാപകരിൽ ഏറ്റവും നല്ല അധ്യാപികയാണ്."

വൃദ്ധ ചക്രവർത്തിയെ വന്ദിച്ചിട്ടു പറഞ്ഞു: "അങ്ങുന്നേ, ബുദ്ധിമാനറിയാം എല്ലാം പഠിക്കുക അസാധ്യമാണെന്ന്. എന്നാൽ ഒരു നല്ല മനുഷ്യനാകാൻ എല്ലാവർക്കും കഴിയും. അതെങ്ങനെയെന്ന് എല്ലാവരും പഠിക്കുകയും വേണം."

വൃദ്ധയുടെ വാക്കുകളുടെ ലാളിത്യം കണ്ട് അക്ബർ ചക്രവർത്തി വിനയാന്വിതനായി. വൃദ്ധയെ തലകുമ്പിട്ടു വന്ദിച്ച അക്ബർ ബീർബലിനോടു പറഞ്ഞു:

"ഇത്ര ബുദ്ധിമതിയായ ഒരു അധ്യാപികയെ ലഭിച്ച നിങ്ങൾ ഭാഗ്യവാനാണ്. ഇവർ ആരാണെന്ന് എന്നോടു പറയില്ലേ?"

ബീർബലിന്റെ മറുപടി ഇതായിരുന്നു.

"ഇവർ..........................................."

(ആ വൃദ്ധ ആരായിരുന്നു എന്നാണ് നിങ്ങൾ കരുതുന്നത്?)

**അക്ബർ ചക്രവർത്തിയെ ആരു പഠിപ്പിക്കും?**

**വിവർത്തനം: ജി. മോഹനകുമാരി**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### ജി.മോഹനകുമാരി

1957 നവംബർ ഒന്നിന് കൊല്ലം ജില്ലയിൽ കോട്ടവട്ടത്ത് ജനിച്ചു. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് എഡിറ്ററായിരിക്കെ 2013-ൽ ജോലിയിൽനിന്ന് വിരമിച്ചു. തളിര് മാസികയുടെ എക്സിക്യൂട്ടീവ് എഡിറ്ററായിരുന്നു. കഥ, ജീവചരിത്രം, വൈജ്ഞാനികം എന്നീ മേഖലകളിലായി പത്ത് ബാല സാഹിത്യ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നൂറോളം ബാല സാഹിത്യ കൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. കുട്ടികൾക്കു വേണ്ടിയുള്ള മുന്നൂറിലധികം പുസ്തകങ്ങൾ എഡിറ്റ് ചെയ്തു.

### കണ്ടെത്താം

- അക്ബർ ചക്രവർത്തി ബീർബലിനോട് ആവശ്യപ്പെട്ടതെന്തായിരുന്നു?
- ദർബാർ ഹാളിലെത്തിയ ചക്രവർത്തിയെ അമ്പരപ്പിച്ച കാഴ്ചയെന്ത്?
- ചക്രവർത്തിയെ ബീർബൽ ബോധ്യപ്പെടുത്തിയ പാഠം എന്തായിരുന്നു?
- വൃദ്ധ അക്ബർ ചക്രവർത്തിയോട് പറഞ്ഞതെന്ത്?
- ബീർബലിന്റെ ആദ്യത്തെ അധ്യാപിക ആരായിരുന്നിരിക്കാം?

### അർഥം കണ്ടെത്താം

ആക്രോശിക്കുക -

വിനയാന്വിതൻ -

തുച്ഛം -

വന്ദിക്കുക -

### എന്തൊക്കെ പഠിപ്പിക്കും?

- ചക്രവർത്തിയെ പഠിപ്പിക്കാൻ പലരും വന്നതായി കണ്ടല്ലോ. ഇവരിൽ കൃഷിക്കാരനായ ഒരാൾക്ക് എന്തൊക്കെ കാര്യങ്ങളായിരിക്കും ചക്രവർത്തിയെ പഠിപ്പിക്കാനാവുക? എഴുതി നോക്കൂ.

  ഇതുപോലെ അവിടെയെത്തിയ മറ്റുള്ളവരെക്കുറിച്ചും ചർച്ച ചെയ്യൂ.

### വായിക്കാം, എഴുതാം

- മറ്റൊരു ബീർബൽക്കഥ കൂടി വായിച്ച് വായനക്കുറിപ്പ് തയാറാക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### നാടകമാക്കാം, അഭിനയിക്കാം

- ഈ കഥ നമുക്ക് നാടകരൂപത്തിലാക്കിയാലോ?

### വാക്യങ്ങൾ കണ്ടെത്താം

- ! ? എന്നീ ചിഹ്നങ്ങൾ ചേർന്നുവരുന്ന വാക്യങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തി എഴുതിനോക്കൂ.

### വിളംബരം തയാറാക്കാം

- "ബീർബൽ, എനിക്കു വേണ്ടത്ര പാണ്ഡിത്യമില്ല. എനിക്കറിഞ്ഞുകൂടാത്തതായി ഒരുപാട് കാര്യങ്ങളുണ്ട്. എനിക്ക് എല്ലാം പഠിക്കണം".

വിവിധ മേഖലകളിൽ പാണ്ഡിത്യമുള്ളവർ കൊട്ടാരത്തിലെത്തിച്ചേരണമെന്നറിയിച്ചുകൊണ്ട് രാജാവ് പുറപ്പെടുവിക്കുന്ന വിളംബരം തയാറാക്കി അവതരിപ്പിക്കൂ.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## വായിക്കാം കണ്ടെത്താം

അടിയിൽ വരയിട്ടിരിക്കുന്ന വാക്കുകൾ സൂചിപ്പിക്കുന്നത് ആരെയൊക്കെയാണ്?

- **ഞാൻ** താങ്കളോട് പറഞ്ഞത് എന്നെ പഠിപ്പിക്കാനുള്ള ആളെ കൊണ്ടുവരാനാണ്

  ...................

- രാജ്യത്തെ പകുതിയോളം ജനങ്ങളെക്കൊണ്ട് **നിങ്ങൾ** കൊട്ടാരം നിറച്ചിരിക്കുന്നു.

  ...................

- **ഇവർ** എന്റെ ആദ്യകാല അധ്യാപകരിൽ ഏറ്റവും നല്ല അധ്യാപികയാണ്.

  .....................

**വാക്യം 1**

- ആരു പറയുന്നു?..............................................................................
- ആരോടു പറയുന്നു?.......................................................................

**വാക്യം 2**

- ആരു പറയുന്നു?..............................................................................
- ആരോടു പറയുന്നു?.......................................................................

**വാക്യം 3**

- ആരു പറയുന്നു?..............................................................................
- ആരോടു പറയുന്നു?.......................................................................
- ആരെപ്പറ്റി പറയുന്നു?....................................................................





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

**താരതമ്യം ചെയ്യാം**

ആരല്ലെൻ ഗുരുനാഥ-
രാരല്ലെൻ ഗുരുനാഥർ?
പാരിതിലെല്ലാമെന്നെ
പഠിപ്പിക്കുന്നുണ്ടെന്തോ

**ഒളപ്പമണ്ണ**

ഈ വരികളിലെ ആശയത്തെ പാഠഭാഗത്തെ ആശയവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയാറാക്കൂ.







**അർഥസൂചിക**

**നെഹ്റുട്രോഫി വള്ളംകളി**

| | | |
|---|---|---|
| അക്ഷമരാവുക | - | ക്ഷമയില്ലാത്തവരാവുക |
| അതിഥി | - | വിരുന്നുകാരൻ/വിരുന്നുകാരി |
| ആരവം | - | ശബ്ദം |
| ജയഘോഷം | - | ജയസൂചകമായ ആർപ്പുവിളി |
| നൗക | - | തോണി, വള്ളം |
| മുഖരിതം | - | മുഴങ്ങുന്ന, ശബ്ദമുള്ള |

**ആരു പഠിപ്പിക്കും**

| | | |
|---|---|---|
| ആക്രോശിക്കുക | - | ഉച്ചത്തിൽ പറയുക, ശകാരിക്കുക |
| തുച്ഛം | - | നിസ്സാരം |
| വിനയാന്വിതൻ | - | വിനയത്തോടുകൂടിയവൻ |





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിലൂടെ ഞാൻ നേടിയ കഴിവുകൾ (ഉചിതമായ കോളത്തിൽ ✓ മാർക്ക് ചെയ്യുക)

| കഴിവുകൾ | പൂർണമായി | ഭാഗികം മാത്രം |
|---|---|---|
| * പാഠം വ്യക്തമായും തെറ്റു കൂടാതെയും വായിച്ചവതരിപ്പിക്കാൻ കഴിഞ്ഞു | | |
| * കളിയുടെ തത്സമയ വിവരണം തയാറാക്കാൻ കഴിഞ്ഞു | | |
| * കഥ വായിച്ച് ആശയം, കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്നിവ മനസ്സിലാക്കാൻ കഴിഞ്ഞു | | |
| * കഥയിലെ ആശയത്തെ നാടകമാക്കി അവതരിപ്പിക്കാൻ കഴിഞ്ഞു | | |
| * ബീർബൽക്കഥ വായിച്ച് കുറിപ്പ് തയാറാക്കാൻ കഴിഞ്ഞു | | |
| * കൂട്ടുകാരുടെ നാടകാവതരണത്തെക്കുറിച്ച് അഭിപ്രായം പറയാൻ കഴിഞ്ഞു | | |
| * കഥയിലെ ആശയത്തെ കവിതയിലെ ആശയവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയാറാക്കാൻ കഴിഞ്ഞു | | |
| * വാക്യങ്ങൾ പരിശോധിച്ച്, പറയുന്നയാൾ, കേൾക്കുന്നയാൾ, ആരെക്കുറിച്ച് പറയുന്നു എന്നിവ തിരിച്ചറിയാൻ കഴിഞ്ഞു | | |



### തുടർവായനയ്ക്കുള്ള പുസ്തകങ്ങൾ

| | | |
|---|---|---|
| ഓമനപ്പൈതൽ | - | പാലാ നാരായണൻ നായർ |
| ബീർബൽ കഥകൾ | - | (വിവിധ പരിഭാഷകൾ) |
| കടങ്കഥകൾ | - | കുഞ്ഞുണ്ണി |



### പഠനനേട്ടങ്ങൾ

- കഥ, വിവരണം എന്നിവ ഉച്ചാരണശുദ്ധി, ഒഴുക്ക്, ഭാവം എന്നിവയോടെ അവതരിപ്പിക്കുന്നു.
- തത്സമയ വിവരണം, വിളംബരം എന്നിവ സ്വന്തം ഭാഷയിൽ ഉചിതമായ രീതിയിൽ തയാറാക്കി അവതരിപ്പിക്കുന്നു.
- കഥയെ നാടകമാക്കി അവതരിപ്പിക്കുന്നു.
- ബീർബൽക്കഥ വായിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.
- ഉത്തമ, മധ്യമ, പ്രഥമ പുരുഷ സർവനാമങ്ങൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നു.
- വ്യത്യസ്ത വായ്ത്താരികൾ ശേഖരിക്കുന്നു. ഈണത്തിൽ അവതരിപ്പിക്കുന്നു.
- പ്രകൃതിയിലെ സർവചരാചരങ്ങളും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ് സഹജീവിസ്നേഹം വളർത്തുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

5

# മധുരം

മഹാ പണ്ഡിതനായിരുന്നു വരരുചി. ഉച്ചയോടടുത്ത സമയത്ത് ഒരു ദിവസം അദ്ദേഹം ഒരു ഇല്ലത്ത് ചെന്നുപെട്ടു. ഊണ് കഴിച്ചിട്ടു പോകാമെന്ന് ഗൃഹനാഥൻ ക്ഷണിച്ചു. വരരുചി പറഞ്ഞു: "എനിക്കു ചില ചിട്ടകളൊക്കെയുണ്ട്. ഊണിനു നൂറ്റൊന്നു കറി വേണം. ഊണു കഴിഞ്ഞാൽ മൂന്നാളെ തിന്നണം. നാലുപേർ എന്നെ ചുമക്കുകയും വേണം."

അതുകേട്ട് ഗൃഹനാഥനായ ബ്രാഹ്മണൻ അമ്പരന്നുപോയി. ഉടൻ അകത്തുനിന്ന് 'എല്ലാം ഒരുക്കാമെന്ന് പറയൂ അച്ഛാ' എന്ന് മകൾ പഞ്ചമി വിളിച്ചു പറഞ്ഞു.

ഇതു കേട്ട് 'എല്ലാം തരാക്കാം. കുളിച്ചിട്ട് വന്നോളൂ' എന്ന് വരരുചിയോട് ബ്രാഹ്മണൻ പറഞ്ഞു.

കുളി കഴിഞ്ഞു വന്ന വരരുചി വളരെ തൃപ്തിയോടെ ഊണ് കഴിച്ചു. പിന്നീട് വരരുചി പഞ്ചമിയെത്തന്നെ വിവാഹം കഴിക്കുകയും ചെയ്തു.

(അവലംബം : ഐതിഹ്യമാല)



പഞ്ചമി
എങ്ങനെയായിരിക്കും
വാക്കു പാലിച്ചിരിക്കുക?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഊണിന്റെ മേളം

കുറിയരിവച്ചു വെളുത്തൊരു ചോറും
കറികളുമാശു വിളമ്പി നിരന്നു
നറുനെയ് ശർക്കര നേന്ത്രപ്പഴവും
ചെറുപപ്പടമൊരു പത്തിരുന്നൂറും
ആനച്ചുവടൻ പപ്പടമൊരുവക
തേനും നല്ലൊരു പഞ്ചാരപ്പൊടി
ചേനക്കറി ചില പച്ചടി കിച്ചടി
പാനകമൊരുവക നാരങ്ങാക്കറി
മാങ്ങാപ്പച്ചടി ഇഞ്ചിപ്പച്ചടി
ചേനവറുത്തും പയറുവറുത്തും
ചക്കപ്രഥമനടപ്രഥമൻ വിധ-
മൊക്കെപ്പറവാൻ നേരം പോരാ;
പാലും തൈരും മോരും പലവക
കോലാഹലതരമെന്തുരചെയ്യാം
കൊണ്ടാ പപ്പടമെന്നൊരു ദിക്കിൽ
കൊണ്ടാ പഴമെന്നങ്ങൊരു ദിക്കിൽ
ചക്കപ്രഥമൻ കൊണ്ടാ വളരെ
ശർക്കരയുണ്ടകളമ്പതുകൊണ്ടാ
പച്ചടി കൊണ്ടാ കിച്ചടി കൊണ്ടാ
പഞ്ചാരപ്പൊടിയൊരുപറ കൊണ്ടാ
മധുരക്കറിയോ മഥിതക്കറിയോ
മതിമതി പോരാ കോരിക്കൊണ്ടാ.

**രുക്മിണീസ്വയംവരം** **കുഞ്ചൻ നമ്പ്യാർ**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### കുഞ്ചൻ നമ്പ്യാർ

പ്രാചീന കവിത്രയത്തിൽ ഉൾപ്പെടുന്ന കവി. ജീവിതകാലം 1675 നും 1785 നും ഇടയ്ക്കാണെന്നു കരുതപ്പെടുന്നു. പാലക്കാട് ജില്ലയിലെ കിള്ളിക്കുറിശ്ശി മംഗലത്ത് കലക്കത്ത് ഭവനത്തിൽ ജനിച്ചു. തുള്ളൽക്കലയുടെ ഉപജ്ഞാതാവ്. കല്യാണസൗഗന്ധികം, കിരാതം, സ്യമന്തകം, ഘോഷയാത്ര, ത്രിപുരദഹനം, ശ്രീകൃഷ്ണചരിതം മണിപ്രവാളം തുടങ്ങിയവ പ്രധാനകൃതികൾ.



### പറയാം എഴുതാം

- സദ്യ നടക്കുന്ന പന്തലിലെ എന്തെല്ലാം കോലാഹലങ്ങളാണ് കവിതയിൽ ഉള്ളത് ?

### കണ്ടെത്താം, എഴുതാം

- ഏതൊക്കെ ഭക്ഷ്യവിഭവങ്ങളെക്കുറിച്ചാണ് കവിതയിൽ സൂചിപ്പിക്കുന്നത്? എഴുതി നോക്കൂ.

### ചർച്ച ചെയ്യാം

- വിശേഷാവസരങ്ങളിൽ ഇന്ന് നാം ഒരുക്കാറുള്ള ഭക്ഷണം കാവ്യഭാഗത്ത് പറയുന്നതുപോലെത്തന്നെയാണോ? എന്തെല്ലാം മാറ്റങ്ങളാണ് നമ്മുടെ ഭക്ഷണശീലങ്ങളിൽ വന്നിട്ടുള്ളത്? ഇതു നമുക്ക് ഗുണകരമാണോ? ചർച്ച ചെയ്യൂ.

### കണ്ടെത്താം, വിശദമാക്കാം

- 'ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ
  വെള്ളിക്കിണ്ണം തുള്ളിത്തുള്ളി'
- 'പന്തിക്കു മുന്നിലും പടയ്ക്കു പിന്നിലും'
- 'അന്നവിചാരം മുന്നവിചാരം
  പിന്നെ വിചാരം കാര്യവിചാരം'

ഭക്ഷണവുമായി ബന്ധപ്പെട്ട കൂടുതൽ പഴഞ്ചൊല്ലുകളും കടങ്കഥകളും ശൈലികളും ശേഖരിക്കൂ.

ഇവയുടെ ആശയം വിശദമാക്കാമോ? കവിതയിലെ ആശയവുമായി ഇവയെ എങ്ങനെ ബന്ധിപ്പിക്കാം? ചർച്ച ചെയ്യൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### പട്ടികപ്പെടുത്താം

- കവിതയിൽ സൂചിപ്പിക്കുന്ന ഭക്ഷണസാധനങ്ങളെ താഴെ കൊടുത്ത രീതിയിൽ പട്ടികപ്പെടുത്തി നോക്കൂ.

| വേവിച്ചത് | വേവിക്കാത്തത് |
|---|---|
| | |

### രുചി കുറിക്കാം

- കവിതയിൽ സൂചിപ്പിക്കുന്ന ഭക്ഷണസാധനങ്ങളെ രുചിക്കനുസരിച്ച് തരംതിരിക്കാം.

| മധുരം | എരിവ് | പുളി |
|---|---|---|
| | | |

### ഈണത്തിൽ ചൊല്ലാം

ഒറ്റയ്ക്കും സംഘമായും കവിത താളമിട്ട് ചൊല്ലിനോക്കൂ.

### ചൊല്ലി രസിക്കാം

അരിയുണ്ടാ പൊരിയുണ്ടാ
അരവയറുണ്ടാലഴലുണ്ടാം-
പുഴുങ്ങുണ്ടാ കിഴങ്ങുണ്ടാ
മുഴുവയറുണ്ടാൽ വയറുണ്ടാം
നല്ലോണത്തിൻ വറുത്തുപ്പേരി,
നന്നായ്ത്തിന്നു വെറുത്തുപ്പേരി.
പഴം പുഴുങ്ങിയതായാലും
പഴഞ്ചനെന്നേ തോന്നുന്നു.
കൊറിക്കുവാൻ കൊതി, തരൂ, തരൂ
വറുത്തൊരസ്സൽ പുളിങ്കുരു!



**വൈലോപ്പിള്ളി ശ്രീധരമേനോൻ**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# താളും തകരയും



'ചക്കേം മാങ്ങേം ആറു മാസം. അങ്ങനേമിങ്ങനേം ആറുമാസം' എന്നാണ് പണ്ട് കേരളത്തിലെ മേത്തരവും ഇടത്തരവും കഴിച്ച് ബാക്കിയുള്ള ഇല്ലങ്ങളിലെയും, ഇറച്ചിയും മീനും വയ്ക്കാത്ത വീടുകളിലെയും കൂട്ടാൻ വയ്ക്കൽ. പണ്ട് എന്നു വച്ചാൽ സ്വാതന്ത്ര്യത്തിനു മുൻപ്. മാങ്ങാക്കാലത്ത് ഉച്ചയ്ക്ക് ചക്കക്കുരൂം മാങ്ങേം, വൈകുന്നേരം മാങ്ങേം ചക്കക്കുരൂം! -അങ്ങനെയുള്ള വീടുകളുമുണ്ട്. അതാണധികം, കഷ്ടം.

അങ്ങനെയെന്നുവച്ചാൽ മത്തങ്ങയോ കുമ്പളങ്ങയോ വെള്ളരിക്കയോ കയ്പക്കയോ ഒന്നുമല്ല. (അതെല്ലാം പണക്കാരുടെ വീടുകളിൽ). മത്തനില, കുമ്പളത്തിനില, വാഴമങ്ങ്, ഉണ്ണിപ്പിണ്ടി, കായത്തോല് -അങ്ങനെയങ്ങനെ കണ്ടതും കേട്ടതുമൊക്കെ.

ചക്കക്കാലം ഇടിച്ചക്ക മുതൽക്കും മാങ്ങക്കാലം കണ്ണിമാങ്ങ മുതൽക്കും തുടങ്ങും. ഇടിച്ചക്ക കഴിഞ്ഞാൽ കൊത്തച്ചക്കകൊണ്ടുള്ള പ്രയോഗമായി. അതു കഴിഞ്ഞാൽ പച്ചച്ചക്കകൊണ്ട്. പിന്നെയാണ് ചക്കപ്പഴത്തിന്റെ വരവ്. പച്ചച്ചക്കയുടെ മടലരിഞ്ഞ് മുള്ളു കളഞ്ഞ് ചെറുതായിയരിഞ്ഞ് തോരൻ വയ്ക്കും. പഴച്ചക്കയുടെ മടല് നുറുക്കി പുളിങ്കറി വയ്ക്കാം. പച്ചച്ചക്കപ്പൂഞ്ഞു കൊണ്ട് (ചക്കക്കൂഞ്ഞ് എന്നും പറയും) മസാലക്കറി വയ്ക്കാം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചക്കക്കുരുകൊണ്ട് എന്തെല്ലാം വയ്ക്കാമെന്നതിന് കണക്കില്ല. മൊളൂഷ്യം വയ്ക്കാം. പുളിങ്കറി വയ്ക്കാം. തീയലു വയ്ക്കാം, അവീലും വയ്ക്കാം. എരിശ്ശേരി വയ്ക്കാം. മോരൊഴിച്ചുകൂട്ടാൻ വയ്ക്കാം. മെഴുക്കുപുരട്ടി വയ്ക്കാം, പൊടിത്തൂവലു വയ്ക്കാം, എല്ലാം വയ്ക്കാം. ചക്കക്കുരൂം കായേം ചേർത്തുവയ്ക്കുന്ന മെഴുക്കു പുരട്ടി ബഹുകേമമാണ്.

ഇത് വളരെയധികം പോഷകങ്ങളുള്ളതും അത്യധികം സാന്ദ്രത കൂടിയതുമാണ്. അതുകൊണ്ടുതന്നെ ദഹിക്കാൻ പ്രയാസമുള്ളതും. അതിനാലിത് വലിയ വീട്ടുകാരെല്ലാം വർഷകാലത്തേ കൂട്ടാറുള്ളൂ. അന്നേക്കുവേണ്ടി സൂക്ഷിച്ചുവയ്ക്കുന്നത് നല്ലവണ്ണമുണക്കി ഓരോ കുരു ഓരോ കുരുവായി കളിമണ്ണ് പൊതിഞ്ഞ് വീണ്ടുമുണക്കിയി ട്ടാണ്. അങ്ങനെ ചെയ്താൽ ആറു മാസത്തിലധികം ചീത്തയാകാ തിരിക്കും.


ചക്കക്കുരു പഴയതായാൽ ഗുരുത്വം കുറയും, ലഘുത്വം കൂടും. അതിനാൽ വേഗം ദഹിക്കും. വർഷകാലത്തേക്കുവേണ്ടി ചക്കയിൽ നിന്ന് ചക്കക്കുരു മാത്രമേ സൂക്ഷിക്കാറുള്ളൂ. അത്യാവശ്യം ചിലർ പച്ചച്ചക്കച്ചുളകൊണ്ട് പപ്പടം ഉണ്ടാക്കി വയ്ക്കും. (ഈ ചക്കപ്പപ്പടം ഞാനിതുവരെ കണ്ടിട്ടുപോലുമില്ല).



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





മാങ്ങയും പലതരത്തിൽ സൂക്ഷിക്കാറുണ്ട്. കണ്ണിമാങ്ങ ഉപ്പിലിട്ടുകൊണ്ടും കടുമാങ്ങയായും. മൂത്തമാങ്ങ ഉപ്പുമാങ്ങയായും ചെത്തുമാങ്ങക്കറിയായും അടമാങ്ങയായും. മാമ്പഴം കൊണ്ട് തിരമാങ്ങയും ഉണ്ടാക്കാം. തിരമാങ്ങയും അടമാങ്ങയും എന്തെന്നു മനസ്സിലായില്ല അല്ലേ, പറയാം.

വെയിലത്ത് ചിക്കപ്പായ വിരിച്ച് അതിൽ കിടക്കപ്പായ വിരിച്ച് അതിൽ മല്ലുമുണ്ട് വിരിച്ച് അതിൽ മാമ്പഴം പിഴിഞ്ഞൊഴിച്ച് ഉണക്കിയെടുക്കുന്നതാണ് തിരമാങ്ങ. (മാങ്ങാത്തിര എന്നും പറയും). പച്ചമാങ്ങ പൂളി കഷണങ്ങളാക്കി ഉപ്പുപുരട്ടി ഉണക്കിയെടുക്കുന്നതാണ് അടമാങ്ങ. ഇതു രണ്ടുകൊണ്ടും കൂട്ടാൻ വയ്ക്കാം.

ചക്കയും മാങ്ങയുമില്ലാത്ത ആറു മാസം കൂട്ടാൻ വയ്ക്കാൻ കാശുകൊടുത്തു വാങ്ങുന്ന പതിവ് കേരളത്തിൽ പണ്ട് പണക്കാർക്കുപോലുമില്ല. വെള്ളരിക്ക, മത്തങ്ങ, കുമ്പളങ്ങ, പടവലങ്ങ, കയ്പക്ക, മുതിര, പയറ് എന്നിവയെല്ലാം അതാതു കാലങ്ങളിൽ കൃഷി ചെയ്തുണ്ടാക്കും. എല്ലാ തൊടിയിലും വാഴയുണ്ടായിരിക്കും. മുറ്റത്തമരപ്പന്തലുണ്ടായിരിക്കും. തുവരച്ചെടിയുണ്ടായിരിക്കും. തൊടിയിൽ ചേനയും ചേമ്പുമുണ്ടായിരിക്കും. ഇഞ്ചിയും പച്ചമുളകും കറിവേപ്പുമുണ്ടായിരിക്കും. പോരെങ്കിൽ പലതരം ചീരയുമുണ്ടായിരിക്കും. ഒന്നു പറയാൻ മറന്നു. മുരിങ്ങ-ഇലയായും പൂവായും കായായും കൂട്ടാം. ഈ മുരിങ്ങ മിക്ക പറമ്പുകളിലുമുണ്ടായിരിക്കും. ചക്കക്കുരുവും മാങ്ങയും മുരിങ്ങക്കായും നാളികേരം അരച്ചു വച്ചാൽ അതുപോലൊരു കൂട്ടാൻ ഭൂമിമലയാളത്തിലില്ലെന്നാണ് പറയാറ്. മാമ്പഴക്കൂട്ടാൻ കയിലുകണക്കിലല്ല മരികകണക്കിലാണ് അതിഷ്ടമുള്ളവർ കൂട്ടുക.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

'ചക്കേം മാങ്ങേം ആറുമാസം, അങ്ങനേമിങ്ങനേം ആറു മാസം' എന്ന വർഗത്തിൽ പെടാത്ത പരമദരിദ്രന്മാരായ ഒരുപാടു പേരുണ്ടായിരുന്നു പണ്ട് കേരളത്തിൽ. കൊല്ലം മുഴുവനും താളും തകരയും ഞണ്ടും ഞവിഞ്ഞിയുമായി കഴിച്ചുകൂട്ടേണ്ടി വരുന്നവർ. ഓണത്തിനുപോലും നാലും വയ്ക്കാൻപോയിട്ട് രണ്ടാമതൊന്നു വയ്ക്കാൻ തരപ്പെടാത്തവർ. ഇത്തരക്കാരിന്ന് കേരളത്തിലില്ല. ഇന്ന് കാബേജും പൊട്ടറ്റോസും തക്കാളിയും കോളിഫ്ളവറും കാരറ്റുമെല്ലാം നാട്ടിൻപുറങ്ങളിലെ കുടിലുകളിൽപോലും പതിവായി വാങ്ങി കറിവയ്ക്കുന്നുണ്ട്.

**കൈയെഴുത്തും തലേലെഴുത്തും** **കുഞ്ഞുണ്ണി**

## കുഞ്ഞുണ്ണി



1927 മെയ് 10 ന് തൃശൂർ ജില്ലയിലെ വലപ്പാട് അതിയാരത്ത് ജനിച്ചു. അധ്യാപകനായിരുന്നു. കുട്ടികൾക്കും മുതിർന്നവർക്കുമായി ഒട്ടേറെ കവിതകൾ രചിച്ചു. അക്ഷരത്തെറ്റ്, അമൃതകഥകൾ, ഊണ് തൊട്ട് ഉറക്കം വരെ, കുഞ്ഞുണ്ണിക്കവിതകൾ, കുറ്റിപ്പെൻസിൽ, നമ്പൂരി ഫലിതങ്ങൾ, കുട്ടേട്ടന്റെ കുറിപ്പുകൾ, കുട്ടികളുടെ രാമായണം, പഴമൊഴിപ്പത്തായം എന്നിവ പ്രധാനകൃതികൾ. 2006 ൽ അന്തരിച്ചു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### ചോദിച്ചറിയാം

- 'മാമ്പഴക്കൂട്ടാൻ കയിലു കണക്കിലല്ല മരിക കണക്കിലാണ്, അതിഷ്ടമുള്ളവർ കൂട്ടുക'. 'കയിൽ', 'മരിക' എന്നിവ വീട്ടുപകരണങ്ങൾ ആണല്ലോ. ഇതുപോലെ പണ്ടുകാലത്തുപയോഗിച്ചിരുന്ന വീട്ടുപകരണങ്ങൾ എന്തൊക്കെയാണെന്ന് മുതിർന്നവരോടു ചോദിച്ച് എഴുതൂ.

### ശീലങ്ങൾ അന്വേഷിച്ചറിയൂ

- 'പഴുത്ത മാവിന്നിലകൊണ്ടു തേച്ചാൽ<br>പുഴുത്ത പല്ലും കളഭം മണക്കും'

നമുക്ക് പണ്ടുണ്ടായിരുന്ന ശീലത്തെക്കുറിച്ചാണ് മുത്തശ്ശി പറയുന്നത്.

ദിനചര്യകളുമായി ബന്ധപ്പെട്ട് മുമ്പുണ്ടായിരുന്ന ശീലങ്ങൾ അന്വേഷിച്ചറിയൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### പിരിച്ചെഴുതാം

ചക്കക്കുരു - ചക്ക + കുരു

ചക്കച്ചുള - +

അമരപ്പന്തൽ -

തുവരച്ചെടി -

### പാചകക്കുറിപ്പ് തയാറാക്കാം

- ചക്കകൊണ്ടോ മാങ്ങകൊണ്ടോ വീട്ടിലുണ്ടാക്കുന്ന ഏതെങ്കിലും ഒരു വിഭവത്തെക്കുറിച്ചുള്ള കുറിപ്പ് തയാറാക്കാം.

### ക്ലാസ്സിൽ ഒരു സദ്യ

- വായിൽ വെള്ളമൂറുന്ന എത്രയെത്ര കറികളെക്കുറിച്ചാണ് പാഠത്തിൽ പറഞ്ഞിരിക്കുന്നത്.
  ഇതിൽ നിങ്ങൾക്കിഷ്ടപ്പെട്ട ഒരു കറി തയാറാക്കി ക്ലാസ്സിൽ കൊണ്ടുവന്നാലോ?
  എല്ലാ വിഭവങ്ങളും കൂട്ടി ഒരുമിച്ചൊരു ഊണ് ആവാം.
  നിങ്ങൾ കൊണ്ടുവന്ന കറിയുടെ പാചകക്കുറിപ്പ് കൂട്ടുകാരുമായി പങ്കുവയ്ക്കുമല്ലോ.

### സദ്യയൊരുക്കാനെന്തൊക്കെ?

- സദ്യവട്ടത്തിനാവശ്യമായ വിഭവങ്ങൾ എന്തൊക്കെയാണ്? എഴുതിനോക്കൂ.
  അവയിൽ ഏതൊക്കെ ഇനങ്ങൾ നമ്മുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യാൻ കഴിയുമെന്ന് ആലോചിച്ചുനോക്കൂ.











Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ചൊല്ലി രസിക്കാം

താഴെ കൊടുത്തിരിക്കുന്ന കുഞ്ഞുണ്ണിക്കവിതകൾ ചൊല്ലി രസിക്കൂ.

- പരത്തിപ്പറഞ്ഞാൽ പർപ്പടകം
  ഒതുക്കിപ്പറഞ്ഞാൽ പപ്പടം
  വേഗം പറഞ്ഞാൽ പപ്ടം
  അത് ചുട്ടെടുത്തൊന്നമർത്തിയാൽ പ്ടം.

- ചെറുചിരിപുഞ്ചിരി പൊട്ടിച്ചിരിയോടു
  പടകം പൂത്തിരി മത്താപ്പൂവൊടു
  പപ്പടവും പഴമുപ്പേരിയോടും
  കൊതിയുണ്ടായാലെന്തമ്മേ.

- ചോറു വിളമ്പുക
  പിന്നീടാട്ടേ കൂട്ടാൻ
  എന്നു പറഞ്ഞൊരു വിദ്വാനാദ്യം
  കൂട്ടാൻ വാരിത്തിന്നു
  അയാൾക്കു പിന്നെ-
  പ്പച്ചച്ചോറുണ്ണേണ്ടിയും വന്നു.

- ചുടുചായ കുടിച്ചീടിൽ
  കോപച്ചൂടാറുമൊട്ടുടൻ

- കൊള്ളിക്കിഴങ്ങിൻ മൊളൂഷ്യംപോൽ
  മന്ദനായ് മറ്റൊരു കൂട്ടാനുമില്ല മന്നിൽ





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### കവിതാശകലങ്ങൾ ശേഖരിക്കൂ

താളും തകരേം മുമ്മാസം
ചക്കേം മാങ്ങേം മുമ്മാസം
ചേനേം കൂർക്കേം മുമ്മാസം
അങ്ങനേം ഇങ്ങനേം മുമ്മാസം - അമ്മൂമ്മപ്പാട്ട്

- ഇതുപോലെ വിവിധ ഭക്ഷണ വിഭവങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന കൂടുതൽ ചൊല്ലുകളും പാട്ടുകളും കവിതാശകലങ്ങളും ശേഖരിക്കൂ. 'എന്റെ കവിതാപുസ്തക'ത്തിൽ ഉൾപ്പെടുത്തൂ.

### ക്രമപ്പെടുത്താം

- താഴെക്കൊടുത്ത പദങ്ങൾ അക്ഷരമാലാക്രമത്തിലാക്കി എഴുതൂ.

ധനികൻ, ഓളം, ജനം, ശബ്ദം, ഐക്യം, ഗാനം, എളിമ, വയൽ, ഘടികാരം, പത്തായം.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






## അർഥസൂചിക

**ഊണിന്റെ മേളം**

| | | |
|---|---|---|
| ഉരചെയ്യുക | - | പറയുക |
| പാനകം | - | ശർക്കരയും ഏലവും മറ്റും ചേർത്ത് ഉണ്ടാക്കുന്ന പാനീയം |
| മഥിതക്കറി | - | ഒട്ടും വെള്ളമില്ലാത്ത മോരുകൊണ്ടു ണ്ടാക്കിയ കറി |

**താളും തകരയും**

| | | |
|---|---|---|
| ഗുരുത്വം | - | കാഠിന്യം |
| മരിക | - | മരംകൊണ്ടുള്ള വലിയ കോരിക |
| മേത്തരം | - | ഉയർന്ന |
| ലഘുത്വം | - | കനക്കുറവ് |





## ഞാൻ എന്നെക്കുറിച്ച്

ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിലൂടെ ഞാൻ നേടിയ കഴിവുകൾ (ഉചിതമായ കോളത്തിൽ ✓ മാർക്ക് ചെയ്യുക)

| കഴിവുകൾ | പൂർണമായി | കുറച്ചു മാത്രം |
|---|---|---|
| * കവിതയുടെ ആശയം മനസ്സിലാക്കി ഈണത്തിലും താളത്തിലും ചൊല്ലാൻ കഴിഞ്ഞു | | |
| * ഭക്ഷണം, ദിനചര്യകൾ എന്നിവയുമായി ബന്ധപ്പെട്ട പഴയ ശീലങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു | | |
| * എഴുത്തുകാരുടെ ലഘുജീവചരിത്രക്കുറിപ്പുകൾ വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞു | | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## തുടർവായനയ്ക്കുള്ള പുസ്തകങ്ങൾ

| | | |
|---|---|---|
| നാട്ടുഭക്ഷണം | – | സി.ആർ. രാജഗോപാലൻ |
| കുഞ്ഞുണ്ണിക്കവിതകൾ | – | കുഞ്ഞുണ്ണി |
| ഐതിഹ്യമാല | – | കൊട്ടാരത്തിൽ ശങ്കുണ്ണി |
| പറയി പെറ്റ പന്തിരുകുലം | – | പി.നരേന്ദ്രനാഥ് |

## പഠനനേട്ടങ്ങൾ

- സവിശേഷതകൾ ഉൾക്കൊണ്ട് കവിതചൊല്ലി ആസ്വദിക്കുന്നു.
- ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ എന്നിവ വ്യാഖ്യാനിക്കുന്നു.
- പുതിയ ഭക്ഷണശീലവുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കുന്നു.
- പ്രസംഗം തയാറാക്കി അവതരിപ്പിക്കുന്നു.
- നമ്മുടെ പഴയ ഭക്ഷണസംസ്കാരം ആരോഗ്യസംരക്ഷണത്തിന് ഏറെ ഉത്തമമായിരുന്നു എന്ന് അറിയുന്നു. പുതിയ ശീലങ്ങളുമായി താരതമ്യം ചെയ്യുന്നു.
- പോസ്റ്റർ തയാറാക്കുന്നു.
- പ്രകൃതിദൃശ്യത്തെ ചിത്രീകരിക്കുന്നു.
- നമുക്ക് സമ്പന്നമായ ഒരു നാട്ടുഭക്ഷണപാരമ്പര്യം ഉണ്ടെന്ന് തിരിച്ചറിയുന്നു. അവയുടെ സവിശേഷതകൾ, കുറിപ്പുകൾ ചർച്ച എന്നിവയിൽ ആവിഷ്കരിക്കുന്നു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## സമാനാർഥ സൂചിക

| | | |
|---|---|---|
| അമ്മ | – | മാതാവ്, ജനനി, തായ |
| ആകാശം | – | വാനം, വിണ്ണ്, ഗഗനം |
| ആന | – | ഗജം, വാരി, ദന്തി |
| കണ്ണ് | – | നയനം, മിഴി, ലോചനം |
| കളി | – | ക്രീഡ, ലീല, കേളി |
| കാക്ക | – | കാകൻ, ബലിഭുക്ക്, വായസം |
| കാട് | – | വനം, കാനനം, വിപിനം |
| കുട്ടി | – | പൈതൽ, ശിശു, അർഭകൻ |
| കോപം | – | രോഷം, ദേഷ്യം, ക്രോധം |
| കൈ | – | പാണി, ഹസ്തം, ബാഹു |
| ചന്ദ്രൻ | – | തിങ്കൾ, ശശി, ഇന്ദു |
| ചങ്ങാതി | – | കൂട്ടുകാരൻ, തോഴൻ, സുഹൃത്ത് |
| ദുഃഖം | – | ശോകം, സങ്കടം, സന്താപം |
| നിലാവ് | – | ചന്ദ്രിക, കൗമുദി, ജ്യോത്സ്ന |
| പാൽ | – | ക്ഷീരം, പയസ്, ദുഗ്ധം |
| പൂവ് | – | മലർ, സുമം, കുസുമം |
| പ്രഭാതം | – | ഉഷസ്സ്, പുലരി, വിഭാതം |
| ഭംഗി | – | ശോഭ, ചന്തം, സൗന്ദര്യം |
| മരം | – | തരു, ശാഖി, ദ്രുമം |
| മഴ | – | വർഷം, മാരി, വൃഷ്ടി |
| മനുഷ്യൻ | – | മർത്ത്യൻ, മാനവൻ, നരൻ |
| മഞ്ഞ് | – | ഹിമം, തുഷാരം, പ്രാലേയം |
| മുറ്റം | – | അങ്കണം, ചത്വരം, അജിരം |
| രാത്രി | – | നിശ, രജനി, നിശീഥിനി |
| ലോകം | – | ജഗത്ത്, പാര്, ഭുവനം |
| വസ്ത്രം | – | ആട, അംബരം, വസനം |
| വഴി | – | മാർഗം, വീഥി, പന്ഥാവ് |
| ശബ്ദം | – | രവം, ഒച്ച, സ്വനം |
| സന്തോഷം | – | ആഹ്ലാദം, ആമോദം, ആനന്ദം |
| സ്വർഗം | – | നാകം, സുരലോകം, വിണ്ടലം |



Downloaded from https:// www.studiestoday.com